when it sinks in fluorescence
When shapeless phantoms
And ladies floating in purple,
Broken bubbles of respectability
Throng the streets.

* * *

The gutter affords a fine and private point of view—
Eye-lids sand-sore I watched unseen,
And felt a silent shudder.

**—Ammini Louiz**

---

## WANTED: NEW VALVES

We must courageously ask and challenge our students to ask whether we have any right to aim at creating in India an affluent Society. Should we not in Justice aim at a more simple way of life based on the Gandhian—and—Gospel principle that no man has a right to more than he needs so long as any of his brothers has less than he needs?

**—London Times,** the Fortnightly
MS Magazine of the Staff Quarters.



# mars ahoy!

Since time immemorial, the unknown has always fascinated man. It has tickled his sense of adventure and stirred up his imagination. Literature and poetry are the results of man's imagination. And science—it cannot be denied is yet another product of man's dream, his imagination. The sun, the moon, the earth and the thousands of stars and planets visible to man have always fascinated him and stirred up his imagination.

Ever since the Wright brothers gave us wings, we have flown around the world. 1961 marked Yuri Gargarin's historic flight into space. July 20th 1969 saw the two American astronauts, Neil Armstrong and Edwin Aldrin, step into the moon. As the glory of moon landing wore off, the quest was on for a new adventure The question arose, "What next?". And last year's Viking mission has provided the answer: to the Mars. On July 20th 1976 Viking I lander landed upon the Martian surface.

## THE VIKING PROJECT

Viking is certainly one of man's most ambitious projects. More than a decade of planning, designing and testing had gone into the two Viking space crafts before count down The Viking space crafts can roughly be divided into 2 parts. (1) Viking Orbiter (2) Viking Lander Viking Orbiter is the mother craft which carried the Lander to its destination. After entering the Mar's orbit at a computerised time, the Lander seperated from the Orbiter and began its descend towards the Martian surface.

## THE LANDER LANDS

Protected in its aeroshell the Lander plunged towards the Martian surface with an initial speed of nearly 16,000 kms. per hour. Gradually decelerating through the martian atmosphere, the Lander deployed its huge parachute at an altitude of 5.8 kms. from the Martian surface. With reduced speed, the three terminal descent rockets were fired, and Lander had landed.

Seconds after touch down, one of the two computers abroad sent a signal. This signal after traversing nearly 380 million kilometers of space was received at the Jet Propulsion Laboratory, California Institute of Technology, U. S. A. This signal told the world that the 578 kg. robot spacecraft had successfully landed on the Mars. Shortly after this, the lander's T. V. Camera swung into action and the first live pictures of the Martian surface was flashed to the earth.

—R. PREMAN DINARAJ

## VIKING'S MARTIAN EXPERIMENTS

The Lander then began a series of experiments. These experiments had a very wide range—from search for life to the chemical combination of the soil. In its "search for life" mission, it conducted three distinct experiments: (1) Pyrolitic Release Experiment (2) Labelled Release Experiment (3) Gas Exchange Experiment. All these experiments make use of complex biochemical reactions.

Two experiments were designed to analyse the chemical composition of the soil. An instrument called the Gas Chromatograph-Mass Spectrometer(G. C. M. S.) measures the elements present both in the air and under the soil. Another chemical analysis experiment — the Xray Fluorescent Spectrometer in which a soil sample is bombarded with X-rays from two radioactive elements (Cadmium 109 and Iron 55) have been conducted. A number of other complex experiments have also been conducted and their results have provided man with a more distinct and accurate idea of Mars.

## RESULTS

The "search for life" have turned up positive results of life on the Martian surface But analysis of the chemical contents

of the soil have so far failed to turn up any organic compound—the building blocks of life. Nitrogen has been detected upon the Martian surface and this is significant because nitrogen is an element essential for life. But however Carbon-the important element necessary for life has not been detected. Whether life exists there or not is still a point of debate.

Martian weather reports reveal that Mars is indeed a cold planent. Dust storms are rampant upon its surface Most surprising however is the fact that the Martian sky is not blue but is—pink! Thousands of photographs are still being studied by scientists for all relevant data.

**VIKING PROJECT—A WASTE?**

Now the question arises — is such an expedition after all necessary? The sceptics question the very wisdom of this adventure. But whatever such people might say, all this is certainly not a waste. That such a complex mission has been so successfully accomplished is a significant achievement. It certainly adds a feather more to our cap of glory. To know more about another planet and especially a near one is in fact knowing more about ourselves and our planet. Moreover the scientific data and photographs are yet to yield their true Value. We have taken a bold step made an investment over which our future generations would certainly capitalise. It is also hoped that this quest for life would reveal something that would enable us to live in a world of peace and prosperity.

**REFERENCES**


(1) The Scientific Observer.

(2) The Sun rises on the Mars-Bruce K. Byers.

(3) Science Today.


— o —

THE THEOLOGY OF SOCIALISM

God intended the earth and all that it contains for the use of every human being. Whatever the forms of ownership may be, as adopted by the various legitimate institututions of people, attention must be always paid to the universal purpose for which the created goods are meant. In using them, therefore, a man should regard his lawful possessions not merely as his own but also as common property in the sense that they should accrue to the benefit of not only himself but of others.

—LONDON TIMES, the Fortnightly MS Magazine of the Staff Quarters

A university has been defined as a community that thinks. If the quality of thinking in our campuses had been high, we would have been free from some of the major errors in our education, our planning and our Public policy.

—V. V. John



# BOMBAY TOAST

—BALRAJ SINGH

I am an imsophistecated and orthodox fellow, by common consent. Recently I found myself in Bombay on a business trip. And then I was booked by a number of my so-called business friends for luncheons and dinners.

On the first day I was invited to a dinner by one of my associates. When dinner was served —I am a pucca non-veg— I found myself staring at a pile of brownish—blackish objects sizzeing hot on a tray with similar shaped buns. Not accustomed to such strange sights, I took the liberty of asking my host what it was. I wanted to make sure that I was not going to attack rat's meat. Shocked by my ignorance and curiosity, my friend said it was grilled goose-meat and sausages.

The next day I had to attend a business luncheon where I was served with sandwiches—certainly they locked like sandwiches. Since I am allergic to certain meats I enquired what it was, and, pat came the reply: "African Hopper." Well, if it was grass hoppers that he meant, I didn t like them because they reminded me of their brothers locusts and crickets They have a small which gives me an eerie sensation, and their legs feel like hollow twigs. I conveyed my feelings to my host and told him frankly.

"I don't like grass hoppers. You see......"

"You needn't, my friend, you needn t," he interrupted "This ain't anything but prawn roast, a truly marvellous and sumptnous dish, nevertheless."

The same evening I happened to go with the boss of a concern to the famous Five-Star, Oberoi-Sheraton. He ordered pastry, but not before getting my approval. Fond of cakes and pastries, I recollected with voracious greed how tasty and delicious it would be, and I remembered gluttonously the ones I had at the Taj Mahal hotel and was all for making a comparison when it came. But when it came, goodness gracious, what did I see? I saw a waiter approading with a bottle of liquor and a pair of glasses. Being a teetotaller by birth I looked at the whole situation with Suspicion. I asked about the pastry.

"It is before you," said the boss. Perplexed, I said;

"Ah! but, my friend, pastry, you know is made of flour, butter, cream and baked with..."

But he cut me short and said that Pastry was the name of a new brand of Whisky.

Another evening I was invited to tea at a restaurant by a friend who has now settled down at Bombay. On my arrival at the appointed place he ordered "white ants". If ever the world was getting narrower and smaller, it was now, I thought. I had heard that white ants caused acidic troubles and that this breed also suffered from an acute catarchal affection of the mucous membrane of the stomach and small intestine. So before it was brought to the table I sought shudderingly to excuse myself from eating these ants. On hearing this my friend, quite astounded, stared at me and said. "Ants? who asked you to eat any ant? White ant is a variety of fish."

Before my departure from Bombay I had to attend a dinner hosted by an American business representative There on a platter some delicacy was served hot and auburn with a delicious aroma which I had never smelt before As usual I wondered what it was. My friend, being an American, would easily guess my predicament He said it was tortoise legs. Experienced by now in the western gastronomic terms and deciding that it was some bird s legs, probably a small bird named tortoise I ate the fare with great appetite.

After finishing off the item which tasted fabulous, out of sheer curiosity I asked my host what exactly was meant by tortoise legs. My friend turned towards me condescendingly and said, "Tortoise legs, my dear, are nothing but the hind legs of a tortoise."

I made it a point never to visit any zoo any more. ✪

# the Reports

**Planning forum**

**National Service Scheme**

**Art Exhibition**

# Planning Forum

The Planning Forum with a bunch of 50 active members drawn from various classes, had a pretty busy time this year, with activities galore. The Forum, revived in our college only recently, is aimed at greeting plan awareness among the student community and achieving greater participation of students in social projects and community development programmes.

The activities of the Planning Forum had a good start with the 'small savings drive', on the independence day, in the nearby Konthuruthy village. Some 30 volunteers participated in the daylong door to door campaign and about 35 families were enrolled in the Post Office Savings Scheme. Later a Savings Campaign was conducted inside the campus and a good number of teachers and students were persuaded to open savings accounts.

When the new College Union assumed power, the Planning Forum was reconstituted with Sashi Kumar K. S. of II M.A., as the General Convener. The inauguration of the Planning Forum along with that of the Social Service League was performed by Sri. Stephen Padua M.L.A. on 16th November 1976. An executive committee of 15 members chalked out a list of activities to be carried out in the year.



Sasikumar
Convenor, Planning Forum.



Mohan Philip
Convenor, Social Service League

The most noteworthy feature of this year's activities was the celebration of the 'Plan Week' from 6th to 13th Dec 1976. The 'Plan Week' was inaugurated by Law College Principal, Prof M. Krishnan Nair and Sri. Venugopalakurup spoke on the occasion. Competitions were conducted in Elucution and Essay writing, and the Quiz Competition, the first of its kind in our College, attracted a large number of participants.

A symposium on '25 years of Planning in India' was also organised as part of the 'Plan Week' celebrations. A socio-economic survey in the nearby Konthuruthy village was the other major activity of the Forum this year. Based on the findings of the survey a detailed development programme has been drawn up for the uplift of the area. As a part of it a free medical camp is to be conducted in the first week of February. Lack of time as well as paucity of funds has stood in the way of implementing other projects. Inspite of all the barriers, with the sincere co-operation of the College Union and the unitiring services of a few dedicated volunteers, the Planning Forum has been able to do some service to society.

# National Service Scheme

The National Service Scheme unit of our college was inaugurated on November 2nd, 1976 by Shri. A. K. Seshadri, Mayor of Cochin. Smt. Ratnakala S. Menon, member of the Central Welfare Board and Shri Abraham Puthussery, Chairman of B.S.S., spoke on the occasion.

The scheme functioned in our college under the able guidance of Shri. K. V. Thomas, lecturer in Chemistry. Shri. Paul Puthussery was elected General Secretary. Messrs. Joseph, Ali, Sridharan and Vijaya were elected secretaries of the various sections of the unit.

We cleared the premises of the K. S. R. T. C. Bus stand on October 2nd 1976. More than fifty members of the N.S.S. participated in this one-day programme. Following this we conducted a campaign to collect old clothes from different colonies and quarters. We collected clothes worth Rs. 10,000/-. A good bit of this collection was contributed to the orphanage at Palluruthy.

Some of our members participated in a two-day seminar on Nutrition conducted at Chellanam on 22nd and 23rd October. Our next project was a socio-economic survey in the colonies in the vicinity of the college. We visited about five hundred houses in this connection. We also conducted a seminar in our college on 'Liquor-a Curse'.



Paul Puthussery
Secretary
National Service Scheme

Our next major undertaking was a ten-day work at Kumbalangi. The Campers stayed at St. George U P. School there. The camp was meant to be part of a wider scheme called "Youth for Rural Up liftment." In addition to constructing a new road in the village we conducted various entertainments. The afternoons were spent in organising study classes for the public, propaganda against liquor and the making of vegetable gardens. The study classes were led by Shri. Velayudhan, the District Agricultural Officer; Shri Joy Thomas, Asst. Information Officer; Shri Abraham Puthussery, B.S.S. Chairman; Shri. Ramachandran Potti; Shri. H.U.T. Prasad, Dr. George Issac; Shri. P. A. Kuruvilla; Shri. C. T. Antony, Asst. Police Commissioner; Shri. Hameed, Asst. Police Commissioner for traffic; Shri Abdul Rahiman. Circle Inspector; Shri. A. V. Joseph (Advocate) and Shri. Rajamani (Advocate).

The concluding session of the Kumbalangi camp was inaugurated by Rev. Dr. Joseph Kuriathara, Bishop of Cochin. The meeting was presided over by Prof. P K. Narayana Pillai, Deputy Director of Collegiate Education.

Rev. Fr. Mathai Archangal, Principal was a source of inspiration and help to us. We thank him and also Shri. K. V. Thomas for all that they did for the unit.

—**Secretary.**

# Art Exhibition

"I never knew there are so many artists among my students!" This was the response of Fr. Mathai Archangel who came to the auditorium to inaugurate the Art Exhibition. From 16th to 21st August, everyday, morning and evening, the auditorium was packed with admiring patrons of art. If the response to the call for exhibits was good equally good was the response of the viewers at the exhibits.

There were classical and modern Schools of Painting represented. On the whole there were about four hundred entries. Miss Lalitha K. Varma's portraits of some of the leading actors and actresses were among the most admired items. T. G. Thomas, Sudhakaran, William Mampilly, Johny George, Ramesh, Snehalata, Rajan Joseph, K. V. Sivadas, Paul, and Jessintha were among the outstanding Painters. The Penworks of Henry and the pencil sketches of Geetha and Mukundan were noteworthy attempts in the linear art.

Rajeev kumar and Pradeep excelled in clay modelling while Girija's fancy articles done in old gramaphone records revealed great ingenuity. Johny George's Carvings on root, Linnet Tharian's dolls, and Joel Menachery's Stamp collection added new dimensions to the art exhibition.

Prakash James led a team of photographers while the final year B. Coms managed a stall on national development.

Among the guest artists presented on the racks were Fr. Guspin, Manuel Sequira and Eugene D'vaz.

Prof. Ramanathan who contributed a model (representing a scene from Mahabharatha-Krishna-Arjuna-dialogue) was very much behind the show, and C. S. Jayaram who presented a few knife - works helped the organising of the exhibition along with Fr. Kaimalayil.

—The Editor

# On Writing Neatly

—Asoke Papaly

The other day I was held up over a scribbled message from a doctor friend of mine. After a few minutes an idea struck me, and that was to take the message to the pharmacy, handed the message to the pharmacist and started explaining my predicament. But, no sooner had I handed over the message, than he whisked away without waiting for my explanation. He returned in a few minutes and placed in front of me a few strips of tablets and a bill amounting to over twenty rupees. When I smilingly explained what I wanted, the pharmacist, shaking his head disgustedly, replied that he couldn't help me.

This humorous incident reveals to us three things: one, the exorbitant prices of medicine which is not the issue at hand; two, the casualness of the pharmacist in reading prescriptions, which again is not the issue at hand and three, the alrocious handwriting of the doctors, which is very much the issue at hand.

I make no apologies for singling out doctors, in criticizing handwriting. Doctors have bad handwriting as a matter of course. It is as if they consider it as their trade-mark and take a certain pride in their indecipherable writing. If a doctor's prescription gets misinterpreted and the wrong medicine is given to a patient, it may adversely affect the person's health and result even in death. No doubt, this is a slight exaggeration, as no report of such deaths has been received. But it is a possibility.

Bad handwriting is not restricted to doctors. People from all walks of life have had handwriting, engineers, teachers, scientists, pilots, bus drivers, students etc. Ofcourse, in this age of dictaphones, tape recorders and type-writers, a good hand is not as essential as it was before. But handwriting is not yet obsolete and a letter written in one's own hand carries a rare degree of intimacy.

Even big executives may sometimes have to leave a memo for his secretary. How agonizing it must be for a busy secretary, who has to cope with a dozen things at the same time, to spend half an hour of her precious time in deciphering an apparently in decipherable memo. Think how vexing it must be for an examiner, who has to go through hundreds of päpers, to find that half of them are a mass of hierrglyphies, or think how frustrating it must be for an anxious mother to get a better from her son in the army, only to find that she can understand nothing of what is written.

What, after all, is the purpose of writing, but the conveyance of ones thoughts to others? We write so that others may read. It serves no purpose to write illegibly. If one writes he should write neatly or not at all. Bad handwriting is in itself an absurdity.



വി. ടി. ജോയി
**ചുവന്ന താഴ്‌വരകൾ**

---

**ചരമക്കുറിപ്പ്**
ടി. ടി. ജോയി

---

**ആദ്യത്തെ വരൾച്ച**
ജയിംസ് കെ. ഫിലിപ്പ്

---

**സാംസ്കാരികവളർച്ച പുസ്തകങ്ങളിലൂടെ**
പി. കെ. ഫസലുദ്ദീൻ



---

**അഹല്യാമോക്ഷം**
ഗീത തണ്ണിക്കോട്ട്

**കുമിളകൾ**
ശക്തി വി. ഷേണായ്





കെ. എം. പാർത്ഥസാരഥി
**ഇനി ഉറക്കമില്ല**

---

**ദൈവം മരിച്ചിട്ടില്ല...**
**പ്ക്ഷേ,**
മുരളീധരൻ സി. എസ്.

---

**വെളിച്ചംവീണ പാത**
ഗോപിനാഥൻ

# മലയാള വിഭാഗം

ക്വാളിഫിക്കേഷൻ
വർഗീസ്

ലക്ഷ്യം തേടുന്നവർ
ശ്യാമള എച്ച്.





# ചുവന്ന താഴ്വരകൾ

വി. ടി. ജോയി




അശോകൻ മടക്കയാത്ര ആരംഭിച്ചു. തന്റെ മനസ്സിന്റെ തീരങ്ങളിൽ വിരിവെച്ച മോഹങ്ങളുടെ ചുവപ്പിലേക്ക്, തന്റെ താഴ്‌വരയിലേക്ക് അവൻ മടങ്ങുകയായി........... അവന്റെ മനസ്സിന്റെ താളങ്ങൾ എന്നേ എദീസ്ഥമാക്കിയ, സ്വന്ത ശാന്തശീലരായ വിശുദ്ധ പക്ഷികൾ രൗദ്രഭാവം കൈക്കൊണ്ടു. അവയുടെ കണ്ണുകളിലെ നിശ്ശബ്ദ നീലിമ, ദുസ്സഹമായ ചുവപ്പു വെളിച്ചമായി കത്തിപ്പടർന്നു. കൊക്കുകളിൽ സംഹാരശക്തിയുമായി, അവ താഴ്‌വരയിലേക്ക് പാറന്നു....

x x x

അശോകന്റെ കഥ, ജനിമൃതികളുടെ നിലക്കാത്ത പ്രവാഹത്തിലെ മറെറാരു കടംകഥയത്രേ....ഒത്രിസന്ധ്യക്ക്, മുടിയിഴകളിലൂടെ വിരലോടിച്ചുകൊണ്ട്, അവന്റെ അമ്മ പറഞ്ഞ കഥയുടെ മറെറാരനുബന്ധമായിരുന്ന അവന്റെ കഥ.

....നിനക്കറിയ്യോ, കുട്ടാ.... നമ്മുടെ വീട് അകലെയകലെയൊരു താഴ്‌വരയിലായിരുന്നു. ഉടികളിൽനിന്നും കറുത്ത മനുഷ്യരുയർത്തിയ സംഗീതത്തിന്റെ പതുക്കൻ താളം, അവിടെയെന്നും അലയടിച്ചു നിന്നിരുന്നു. അവിടെ, കന്യകകൾ മംഗല്യം സ്വപ്നം കണ്ട് പൗർണ്ണമി രാത്രികളിൽ രാപൊട്ടുവോളം നൃത്തംചെയ്തിരുന്നു.... അവിടുത്തെ കാററിൽ, പുതിയ മണ്ണിന്റെ ചൂര് തളംകെട്ടിനിന്നിരുന്നു....

എന്നിട്ട്?

സ്വപ്നങ്ങൾകണ്ട് ഗ്രാമം, ഞെട്ടിയുണർന്ന ഒരു പ്രഭാതത്തിൽ ഗ്രാമത്തിന്റെ രാജപാതകളിലൂടെ, ഊടുവഴികളിലൂടെ, അശ്വാരൂഢരായ പടയാളികൾ—താഴ്‌വരയുടെ ശത്രുക്കൾ—മലയിറങ്ങി വന്നു. അവരുടെ കണ്ണുകളിലെ ഉന്മാദം കണ്ട്, പുരമറക്കുള്ളിരുന്ന കന്യകകളുടെ കവിളിലെ കുങ്കുമം, നിസ്സഹായതയുടെ, ഭയത്തിന്റെ വിളർച്ചയിൽ അലിഞ്ഞു പോയി..

എന്നിട്ട്?

.....അരിവാളുമായി പുല്ലറുക്കാനെത്തിയ ഒരു ചെറുമിക്കിടാത്തിയുടെ കറുപ്പിന്റെ ലഹരിയിൽ, സൈന്യാധിപൻ അസ്വസ്ഥനായ മറെറാരു നിമിഷത്തിൽ നമ്മുടെ ദുരന്തമാരംഭിക്കുന്നു മോനേ.... നിന്റച്ഛൻ, പുരയിൽനിന്നിറങ്ങിയോടിയതും, അച്ഛന്റെ ഗർജ്ജനത്തിന്റെ മാറെറാലിയിൽ പടക്കുതിരകൾ വിളറി പിടിച്ചതും, പിന്നെ.... പിന്നെ ശക്തനായ ഒരു പടയാളിയുടെ കൈകൾക്കുള്ളിൽ അച്ഛൻ ഞെരിഞ്ഞമരുന്നതും, ഞാനോർമ്മിക്കുന്നു.... ആ നിമിഷം, താഴ്‌വര നമുക്ക് നഷ്ടപ്പെടുകയുംചെയ്തു....

അശോകന്റെ മിഴിയിണകളിൽ, കണ്ണീര് നിറഞ്ഞു. അവന്റെ കരുന്നു ഹൃദയം നൊന്തു.... അവന്റെ മനസ്സിൽ ഗ്രാമത്തിന്റെ കഴുത്ത് ഞെരിച്ച കൈകളോടുള്ള

പ്രതികാരത്തിന്റെ ആദ്യമുള അന്ന പൊടിച്ചു....

എന്നിട്ടും, അശോകന്റെ കഥ മറ്റൊരു ദുരന്തമാവുകയാണെന്നോ? സ്വന്തം താഴ്‌വരയെ മറന്ന അലശപ്പുതയുടെ പാപഭാരം, അവനോ നാം പേറിനടന്നു.

നഗരത്തിലെ വിദ്യാലയത്തിലേക്ക് പോവുമ്പോൾ, കാതുകളിൽ അമ്മയുടെ മന്ത്രസ്വരം... നീ ശക്തനായി, വിജ്ഞനായി താഴ്‌വരയിലേക്ക് തിരിച്ചു വരണം.... അടിമകളാക്കപ്പെട്ട, നമ്മുടെ ജനങ്ങളുടെ മോചനത്തിനായി നീ യാഗം നടത്തണം, അഗ്നിഹോത്രിയാവണം.... താഴ്‌വരകളിൽ മഞ്ഞുതുള്ളികളോടൊപ്പം പറന്നിന്ന, ഭയത്തിന്റെ, വിധേയത്വത്തിന്റെ വികാരങ്ങൾ, ഉരുകിത്തീരണം നിന്റെ ഹൃദയവിപഞ്ചികയിൽനിന്നും, കറുത്ത മണ്ണിനെക്കുറിച്ചുള്ള, കറുത്ത മനുഷ്യരെക്കുറിച്ചുള്ള, രോഷത്തിന്റെ ഗാനങ്ങളുയരണം.... നീ കളമെഴുതണം, കുരുതി നടത്തണം.. തലമുറകളായി പൂജിക്കപ്പെടുന്ന, ദേവിയുടെ ശക്തിയാവേശിച്ച് ഉറഞ്ഞുതുള്ളണം....

എന്നിട്ടും എവിടെയൊക്കെയോ താളംപിഴച്ചു.. നഗരത്തിൽ, സുനന്ദ എന്ന കൂട്ടുകാരിയുമായി അലയുമ്പോൾ, നെറ്റിയിലേക്ക് പാറിവീണ അളകങ്ങളൊതുക്കിക്കൊണ്ട്, അവൾ പറഞ്ഞു.... എന്റെ, അശോക്, നീയിങ്ങനെ സെന്റിമെന്റലാവാതെ.... ശോഭനമായ ഒരു ഭാവി നിന്നെ കാത്തിരിക്കുന്നു.... വീടും നാടുമെന്ന വിചാരം, നീയെന്നേ ഉപേക്ഷിക്കേണ്ടതായിരുന്നു....

ആയിരുന്നുവോ? അശോകൻ ഒരു നിമിഷം, തന്റെ ജന്മരഹസ്യങ്ങളുടെ, പഴയ താളിയോലപ്പ്രാങ്ങളിലേക്ക് കണ്ണോടിച്ചു.... അവിടെയവിടെയോ തന്റെ ജനലക്ഷ്യങ്ങളുടെ ഗൂഢമുദ്രകൾ കുത്തിക്കുറിച്ച വാറോലകൾ..... അവൻ അസ്വസ്ഥനാവുകയായിരുന്നു....

ഭൗതികശാസ്ത്രങ്ങളുടെ, സൂത്രവാക്യങ്ങളിലൂടെ നടത്തിയ തീർത്ഥയാത്രകളുടെ, വ്യർത്ഥ സ്മൃതികൾ.... ഓരോ യാത്രാശേഷവും, സ്നാനഘട്ടത്തിൽ മുങ്ങിത്തപ്പുമ്പോൾ ലഭിച്ച കടൽച്ചിപ്പികൾ, രത്നങ്ങളായിക്കരുതിയ അവന്റെ മൗഢ്യം..

പ്രീവിയസ്സിന്റെ സ്റ്റഡിലീവ് തുടങ്ങുന്നതിന്റെ തലേന്ന്, പ്രൊഫസർ റൂമിലേക്ക് വിളിപ്പിച്ചു.... "നോക്കൂ കുട്ടീ, നിന്റെ തലനിറയെ, അമൂല്യ രഹസ്യങ്ങളുടെ അക്ഷര രൂപങ്ങൾ.... കാപട്യത്തിന്റെ മുഖംമൂടിയണിഞ്ഞ്, ഭയം ജനിപ്പിക്കുംവിധം, അദ്ദേഹം പൊട്ടിച്ചിരിച്ചപ്പോൾ, മസ്തിഷ്കത്തിൽ, കുന്നുകൂടിയ വിജ്ഞാനത്തിന്റെ പുഴുക്കൾ അവനെ അസ്വസ്ഥനാക്കാൻ തുടങ്ങി;

അതെ, തന്റെ മോഹപുഷ്പങ്ങളിലോരോന്നിലും തല നീട്ടുന്ന പുഴുക്കൾ. അവയൊരുദിനം ചടുലമായി നൃത്തം ചെയ്യും.. ആ നൃത്തത്തിന്റെ ലഹരിയിൽ, വാഗ്ദാനങ്ങളുമായി തന്നെ തേടിയെത്താവുന്ന സൗഭാഗ്യങ്ങളുടെ ഘോഷയാത്ര. അധികാരക്കസേരകളുടെ മോഹിപ്പിക്കുന്ന മിനുപ്പ്.... അപ്പോഴൊരിക്കൽക്കൂടി, അവന്റെ മനസ്സിന്റെ താളം, തന്റെ താഴ്‌വരകളിലുയരുന്ന വാദ്യ സംഗീതങ്ങളിൽ അലിയാൻ കൊതിച്ചു..

സ്വന്തം ദുഃഖങ്ങളുടെ, ബോധിവൃക്ഷത്തണലിൽ തപസ്സിരിക്കുമ്പോൾ, അശോകന് വെളിപാടുകളുണ്ടായി. വെളിപാടുകളിൽ അവന്റെ അച്ഛന്റെ ആത്മാവ്, അവനിലാവേശിച്ചു. അച്ഛന്റെ കഴുത്തിലമർന്ന കൈകളെക്കുറിച്ചുള്ള ഭീതിദമായ ഓർമ്മ, അവന്റെ മാംസപേശികളെയുണർത്തി.

അവന് പൊട്ടിക്കരയണമെന്നുണ്ടായിരുന്നു.. അമ്മേ വസുന്ധരേ നീയെന്നോട് പൊറുക്കുക.... നിന്റെ മാതൃ വാൽസല്യം, നിന്റെ മുലക്കണ്ണുകളിലൂടെ എന്റെ രക്തത്തിൽകലർന്ന പൈതൃകം, കൈമറന്നവൻ ഞാൻ.... അവസാനം, ഇതാ ഞാൻ നിന്നിലേക്ക് തന്നെ മടങ്ങുകയായി.... എന്റെ മനസ്സിന്റെ ഇരുളടഞ്ഞ ഗുഹാമുഖങ്ങളിലെവിടെയോ, ഇനിയും കെടാതെനില്ലുന്ന ഒരു മെഴുകുതിരിയിൽനിന്നും കൊളുത്തിയെടുക്കുന്ന, ദീപവുമായി, അറിവിന്റെ ആൽത്തറകളിലെവിടെയോ വെച്ച്, എനിക്ക് കിട്ടിയ ഒരു ചുവന്ന സഞ്ചിയുമായി, ഇതാ ഞാൻ മടക്കയാത്ര തുടങ്ങിക്കഴിഞ്ഞു....

നിന്റെ മക്കളുടെ തുടികളിൽ നിന്നുയരുന്ന വിശപ്പിന്റെ, വിഷാദത്തിന്റെ ഗാനങ്ങൾക്ക് ചെവികൊടുക്കാത്ത എന്റെ തെറ്റിന് മാപ്പുതരിക. നിന്റെ കന്യകകളുടെ കവിളിലെ തുടുപ്പ് ഞാൻ വീണ്ടെടുക്കും. അവരുടെ പാദസരങ്ങളിൽനിന്നുയരുന്ന ദിവ്യഗീതം, അമ്മേ, നിനക്കിനിയും കേൾക്കാറാകും....

അശോകൻ മടക്കയാത്ര ആരംഭിച്ചു..

അവന്റെ ചുവന്ന സഞ്ചിയിൽ, അച്ഛൻ ഉപേക്ഷിച്ചുപോയ പണിയായുധങ്ങൾ അവനെടുത്തുവെച്ചു. എവിടെയൊക്കെയോ പാറകൾ ആകാശംമുട്ടെ വളർന്നുനിൽപുണ്ട്... അവയൊക്കെ ഈ ചുറ്റികകൊണ്ട്, അടിച്ചു തകർക്കണം. ബലിഷ്ഠമായ മാംസപേശികളുള്ള, സ്വന്തം സോദരരൊത്ത് താഴ്‌വര വീണ്ടെടുക്കണം. അലക്ഷ്യമായി പാഞ്ഞൊഴുകുന്ന ഗ്രാമത്തിന്റെ പുണ്യനദിയിൽ അണകെട്ടണം..... ഗ്രാമത്തിലെ ഉണങ്ങിവരണ്ട വയലേലകൾവീണ്ടും ഹരിതസമൃദ്ധമാവണം.. അവിടെയിനിയും കനകംവിളയണം.

അശോകന്റെ കാലുകൾ പ്രകാശവേഗത്തിൽ താഴ്‌വരയിലേക്ക് കുതിച്ചു. സമൃദ്ധിയുടെ കണിക്കൊന്നകൾ പൂത്തുലയുന്ന പ്രഭാതങ്ങളെ സ്വപ്നംകണ്ട് ഉറക്കമുണർന്ന താഴ്‌വരയിലേക്ക്, ചുവപ്പ് പടർന്ന കയറുകയായിരുന്നു.

— o —

# ആദ്യത്തെ വരൾച്ച

ജയിംസു് കെ. ഫിലിപ്പു്

നിങ്ങൾ വിചാരിച്ചേക്കാം ഇതൊരു മുത്തശ്ശിക്കഥയോ സാരോപദേശ കഥയോ അല്ലയെന്നു്, പക്ഷേ മുത്തശ്ശിക്കഥകളും സാരോപദേശ കഥകളും ഈ അടുത്ത കാലത്തല്ല ഉണ്ടായതു്? ഇതു് അതിനുമൊക്കെ പണ്ടു്........ വളരെ പണ്ടു് നടന്ന ഒരു സംഭവമാണു്. കഥയേയല്ല.

അന്നു് അവർ ജീവിക്കുകയായിരുന്നു. അന്നു്........വളരെ പണ്ടു്. അവർ ആദിമനുഷ്യരായിരുന്നു. അവർക്കു മുമ്പു് മനുഷ്യരില്ലായിരുന്നു. അവരായിരുന്നു ആദി മനുഷ്യർ. ഭൂമുഖം വിശാലമായിരുന്നു. ഇടതിങ്ങി വളർന്നു് പാറക്കൂട്ടങ്ങൾക്കിടയ്ക്കുള്ള പച്ചപ്പുറപ്പുകളിൽ അവർ ജീവിച്ചു. ദൂരെയെങ്ങും അവർ പോകാറില്ല. ദൂരെയുള്ളവയൊന്നും അവർക്കറിവില്ല.

നനഞ്ഞ ഭൂമിയിൽ അവർ നൃത്തം വെച്ചു. പൂക്കൾ കണ്ടു സന്തോഷിച്ചു. പഴങ്ങൾ പറിച്ചു തിന്നു. അരുവിയിലെ വെള്ളം കുടിച്ചു. സന്ധ്യക്കു് പാറയുടെ മുകളിൽ കയറിയിരുന്നു് അസ്തമയം കണ്ടു. എല്ലാം ഭംഗിയോടെ.... നന്നായി നീങ്ങിക്കൊണ്ടിരുന്നു.

ഭൂമിക്കുചുററും സൂര്യൻ പലവട്ടം കറങ്ങിമറയുന്നതു് അവർ ശ്രദ്ധിച്ചു. സൂര്യൻ മറയുമ്പോൾ ഇരുട്ടു വന്നതു് അവർ കണ്ടു. നഷ്ടപ്പെട്ട സൂര്യൻ തിരിച്ചെത്തുന്നതു വരെ അവർ ഗുഹയുടെ വിള്ളലുകളിൽ പതുങ്ങിയിരുന്നു. പിറേറന്നു സൂര്യനെ തിരികെ കിട്ടിയപ്പോൾ അവർ ആഹ്ലാദിച്ചു. സൂര്യൻ അവരുടെ ഗുഹയ്ക്കുള്ളിലേയ്ക്കും വെളിച്ചമെറിഞ്ഞു. കൊച്ചുകുട്ടികൾ നൃത്തംചെയ്തു. അച്ഛനമ്മമാർ കിഴങ്ങുകളും പഴങ്ങളും തേടിപ്പോയി.

അങ്ങനെയൊരുനാൾ ഒരു കാററു് അതിലേ വീശിപ്പോയി. ആ കാററിൽ ഉഷ്ണത്തിന്റെ പുക്കം വീണു. അതു് അവരിലേയ്ക്കു് ചൂടിന്റെ വേദന പകർത്തി. ഒരു വരൾച്ചയുടെ വരവാണെന്നു് അവർ അറിഞ്ഞില്ല. എന്തൊക്കെയോ സംഭവിക്കുന്നുണ്ടെന്നു് അവർ അറിഞ്ഞു. അവർക്കു് ഭാഷയുണ്ടായിരുന്നില്ല. അതുകൊണ്ടു് അവർ ഉരിയാടിയില്ല.

നട്ടുച്ചക്കു് സൂര്യന്റെ ചൂടു് അവർക്കു് സഹിക്കാവുന്നതിലും അധികമായിരുന്നു. അവരെല്ലാവരും ഒത്തുകൂടി. അവരുടെ കണ്ണുകൾ വേദനിച്ചു. മുകളിലേയ്ക്കു നോക്കാതെ അവർ സൂര്യനുനേരെ കൈകൾകൂപ്പി.

ഇല്ല. സഹിക്കാൻ കഴിയുന്നില്ല. അരുവികളിലെ വെള്ളമെല്ലാം എവിടെപ്പോയി? കാട്ടുചെടികൾ ഇനി ഒരിക്കലും പച്ചച്ചു നിൽക്കില്ലേ? ഹാ.. ഒരു തുള്ളി വെള്ളം കിട്ടിയിരുന്നെങ്കിൽ!

എന്നും അവർ യാത്രചെയ്തു—ഭൂമിയിൽ. വെള്ളവും പഴങ്ങളും

നോക്കി. ചിലർ വിശന്നുനടന്ന മൃഗങ്ങൾക്കിരയായി; ദാഹത്തോടും വിശപ്പോടുംകൂടി മരിച്ചു.

ഒരുനാൾ അങ്ങിനെ നടക്കവേ അവൻ കണ്ടു ആ തടാകം. അവൻ



മതിയാവോളം വെള്ളം കുടിച്ചു. കുടിച്ചു കുടിച്ചു വയറു വീർത്തു. അവനവിടെ തറിഞ്ഞുവീണു മയങ്ങി. മയക്കത്തിൽനിന്നു് ഉണർന്നു് അവൻ അവരുടെ ഗുഹയിലേയ്ക്കു് ഓടി.

ഓടിയോടി സന്തോഷത്തോടെ ഗുഹാമുഖത്തെത്തിയ അവൻ ഒരു നിമിഷം അമ്പരന്നു. ഞാനെന്താണു് ചെയ്യാൻ പോകുന്നതു്? തടാകത്തിലെ വെള്ളം എല്ലാവതുംകൂടി കുടിച്ചാൽ..... അവന്റെ മുകളിലെ ആകാശത്തിൽ ഒററ മഴമേഘംപോലുമില്ലായിരുന്നു. അവന്റെ ഉള്ളിൽ പുതിയ ഒരു വികാരം മുളപൊട്ടി വളർന്നു് പൂത്തു. അവൻ ഏറെനേരം അനങ്ങാതെ കിടന്നു. അവസാനം മുഴുത്ത ഒരു ഉണക്കത്തടിയുമായി ഗുഹക്കകത്തേക്കു് അവൻ കയറി.

നിശയിൽ വരണ്ട തൊണ്ടകളിൽനിന്നു് അവസാന ശബ്ദങ്ങൾ ചിറകടിച്ചു പറന്നു. ഗുഹാമുഖത്തുനിന്നും ചുട്ടുപിടിച്ച രാത്രിയിലേയ്ക്കു് അവ പറന്നു് പറന്നു്.......

തളർന്നു് ആടിയാടി അവൻ ഇറങ്ങിവന്നു. വെറുങ്ങലിച്ച ഒരു സ്ത്രീയും അവന്റെ പിറകേയുണ്ടായിരുന്നു.

അവർ തടാക തീരത്തേയ്ക്കുപോയി. വെള്ളം കുടിച്ചു്, നനവുള്ള ശരീരത്തെ നനവുള്ള ശരീരംകൊണ്ടുപൊതിഞ്ഞു് അവർ ഉറക്കമായി.

പിറേറന്നു് ഒരു വലിയ ഫലിതംപോലെ, ഒരു ശാപംപോലെ മഴയുടെ ഇരമ്പൽ അവർ കേട്ടു. ഗുഹകളിലേയ്ക്കു് വെള്ളം ഇരച്ചുകയറുന്നതു് അവർ കണ്ടു.

കവിഞ്ഞൊഴുകുന്ന തടാകത്തിന്റെ തീരത്തു്, കരയുന്ന പെണ്ണിന്റെ കണ്ണുകളിലേയ്ക്കു് നോക്കി നിന്നപ്പോഴും സ്വന്തം കണ്ണിൽ വെള്ളം ഉരുണ്ടുകൂടാൻ തുടങ്ങുന്നതു് അവനറിഞ്ഞു.

ആ പുരുഷന്റേയും സ്ത്രീയുടേയും പരമ്പരകളാകുന്നു നാം.



# the college annual sports





















Shuttle Badminton Team



Kabbady Team



Athletic Team

# സാംസ്കാരിക വളർച്ച പുസ്തകങ്ങളിലൂടെ

പി. കെ. ഫസലുദ്ദീൻ

ലോകത്തിന്റെ ഏതോ ഒരു കോണിൽ ഒരു അമീബയുണ്ടായി. അതിനു പിന്നീട് അനവധി രൂപപരിണാമങ്ങളുണ്ടായി. ആ പരിണാമ പ്രക്രിയയിലെ ഒരു കണ്ണിയായി മനുഷ്യനുമുണ്ടായി. ഇതര ജന്തുക്കളിൽനിന്നു തികച്ചും വ്യത്യസ്തനായ മനുഷ്യനു ചിന്താശീലമുണ്ടായി. അവന്റെ ആശയങ്ങൾ പ്രകടിപ്പിക്കാൻ അവൻ ഭാഷ കണ്ടെത്തി.

ലിപികൾ കണ്ടെത്തിയപ്പോൾ അവൻ ആശയങ്ങളെ ലിഖിത രൂപത്തിൽ സഞ്ചയിച്ചുവെച്ചു. അവൻ ശിലകളും പനയോലകളും ചെമ്പുതകിടുകളും പിന്നിട്ടു. അങ്ങനെ അവൻ കടലാസും മഷിയും അച്ചടിയന്ത്രവും കണ്ടെത്തി. പിന്നീടാണ് പുസ്തകത്തിന്റെ തിരുപ്പുറപ്പാട്. വിജ്ഞാന വിതരണത്തിന് ഇന്നുള്ള പ്രധാന ഉപാധി പുസ്തകങ്ങൾതന്നെ.

ആദിമനുഷ്യനും ആധുനികമനുഷ്യനും ശരീരഘടനയിൽ വലരെയൊന്നും വിഭിന്നരല്ല. പക്ഷേ, ചിന്തയിലും ആശയത്തിലും അവർക്കുതമ്മിലുള്ള അന്തരം വളരെ വലുതാണ്. ഈ മാററത്തെയാണ് നാം വളർച്ചയെന്നും പുരോഗതിയെന്നും പറയുന്നതു്.

മാററങ്ങളിലൂടെ വളർച്ചനേടിയ മനുഷ്യന് നാനാവിധമായ ജീവിത സൗകര്യങ്ങളുണ്ടായി. ആ ജീവിത സൗകര്യങ്ങളുടെ ആകെത്തുകയ്ക്കു പരിഷ്കാരം എന്നുപറയുന്നു. പരിഷ്കാരത്തിന്റെ അത്യുന്നത മേഖലകളിൽ ഇന്നു മനുഷ്യൻ എത്തിനിൽക്കുന്നു. തനിയ്ക്കു കൈവന്ന പരിഷ്കാരം മററുള്ളവർക്കുകൂടി പങ്കുവെയ്ക്കുമ്പോഴാണ് മനുഷ്യൻ മഹത്വത്തിലേയ്ക്കു് ഉയരുന്നതു്. മനുഷ്യമഹത്വത്തിന്റെ ഉരകല്ലാണ് സംസ്കാരം.

സംസ്കാരം എന്ന പദം ശുദ്ധീകരണത്തെ കുറിക്കുന്നു. ഒരു വ്യക്തി സമൂഹത്തിൽനിന്നു പുതുതായിനേടുന്ന ജീവിതക്രമമാണ് സംസ്കാരം. സാമൂഹിക ജീവിത ക്ഷമതതന്നെയാണു സംസ്കാരമെന്നു സാരം.

സാമൂഹിക ജീവിയായ മനുഷ്യന്റെ നേട്ടങ്ങളാണ് കലയും ശാസ്ത്രവും. അവ സംസ്കാരത്തിന്റെ അവശ്യഘടകങ്ങളുമാണ്. സാഹിത്യമുൾപ്പെടെയുള്ള കലകൾ സംസ്കാരത്തെ പ്രതിഫലിപ്പിക്കുക മാത്രമല്ല പോഷിപ്പിക്കുകകൂടി ചെയ്യുന്നു.

ജീവപ്രപഞ്ചംപോലെ വൈചിത്ര്യമാർന്നതാണ് പുസ്തകങ്ങളുടെ ലോകം. എല്ലാതരത്തിൽപ്പെട്ട പുസ്തകങ്ങളും മനുഷ്യന് അറിവു പകരുന്നു. ഇങ്ങനെ നോക്കുമ്പോൾ ഗ്രന്ഥശാലകൾ വിദ്യാലയങ്ങളാണെന്നു കണക്കാക്കേണ്ടിയിരിക്കുന്നു.

ഇന്ന് ഏററവുമധികം പ്രസിദ്ധീകരിക്കപ്പെടുന്നതു സാഹിത്യ ഗ്രന്ഥങ്ങളാണ്. ഏററവുമധികം പാരായണം ചെയ്യപ്പെടുന്നതും അവയാണ്. വിജ്ഞാനത്തിന്റെ മേഖലകൾ അനുനിമിഷം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് ചെറുപ്പക്കാർ വിജ്ഞാനപ്രദമായ മററു ഗ്രന്ഥങ്ങൾകൂടി വായിക്കാൻ ശ്രദ്ധിച്ചാൽ അവരുടെ മനസ്സിന്റെയും ബുദ്ധിയുടെയും വളർച്ച ശാരീരികവളർച്ചയെക്കാൾ ഒരു പടി മുന്നിൽ നിൽക്കും.

സാഹിത്യ ഗ്രന്ഥങ്ങളിൽനിന്ന് ആസ്വാദകനു പലനേട്ടങ്ങളും ഉണ്ടാകുന്നു. വികാരവിമലീകരണം, സൗന്ദര്യബോധവികാസം, ആനന്ദസിദ്ധി എന്നെല്ലാം ഈ നേട്ടങ്ങളെ പലരും വ്യവഹരിച്ചുപോരുന്നു. ഈ നേട്ടങ്ങളുടെ ആകെത്തുകയാണ് മനസ്സംസ്കാരം.

# ഇനി ഉറക്കമില്ല

**കെ. എം. പാർത്ഥസാരഥി**

ഇനി നമുക്ക് ഉണരാം—

നീട്ടി നീട്ടിയ ആയിരം കൈകളിലെ തണുത്തുമരവിച്ച വിരലുകളിൽതങ്ങി, തളർന്ന് നാം ഉറങ്ങുകയായിരുന്നു. ആലസ്യത്തിന്റെ അതിനിഗൂഢമായ ഇരുട്ടിൽ, പെതഡിൻ നൽകിയ പാർഷോന്മാദത്തിന്റെ വർണ്ണങ്ങളിൽ മനസ്സ് തങ്ങി ഉറങ്ങുകയായിരുന്നു. ഒന്നും ഓർക്കുന്നതെന്നുണ്ടായിരുന്നു.

മുറിയുടെ മൂലയിൽ ഒരു കാൽ നഷ്ടപ്പെട്ട്, ചിതലുവീണ പെട്ടിയിൽ അടുക്കിവെച്ചിരിക്കുന്ന ബിരുദാനന്തര സർട്ടിഫിക്കേറ്റും അപേക്ഷകൾ എഴുതി മുനയുടെ മൂർച്ച നഷ്ടപ്പെട്ട എന്റെ പാവം പേനയും. ഒന്നും ഓർക്കുന്നതെന്നുണ്ടായിരുന്നു.

മറവി സ്വപ്നം തന്നു. മറവിക്കുവേണ്ടി, പിന്നീട് സ്വപ്നത്തിനുവേണ്ടി വിറക്കുന്ന കൈനീട്ടി കൺമിഴി പാതിയടച്ച് സിറിഞ്ചിന്റെ നോവുന്ന ചുംബനം കാത്തുകിടന്നു. കണ്ണുകളിൽ ചുവന്ന ഞരമ്പുകൾ എഴുന്നുതെളിഞ്ഞപ്പോൾ മുന്നിൽകണ്ട തുരുമ്പുവീണ ചങ്ങലകൾ മറന്നു. ചങ്ങല വീണ കൈകൾ മറന്നു....

തലച്ചോറിനിടയിൽ കുഴഞ്ഞുകിടക്കുന്ന ഞരമ്പുകളിൽ നവവസന്തം. വസന്തത്തിന്റെ പുഷ്പദലങ്ങൾ വിടർന്നുണർന്ന് മദാലസയായി കാമജലം നീട്ടിനിന്നു. നിമിഷങ്ങളുടെ നോവുന്ന രതിരസം. ഓടി അണഞ്ഞ ഗാനശകലങ്ങളിൽ സ്നേഹം മാംസളമായി. അടർന്ന പുഷ്പദലങ്ങൾ. അകന്ന ഗാനധാര....

ഞെട്ടി ഉണരുമ്പോൾ വീണ്ടും—

സൂര്യപ്രകാശം ചോരുന്ന കുടിലിനകത്ത് തീപുകയാത്ത അടുപ്പിനരികെ തലയ്ക്കുകൈവച്ച് ഒരിക്കലും വറ്റാത്ത കണ്ണീരുമായിരിക്കുന്ന ദുഃഖബിന്ദു, എന്റെ അമ്മ. എന്നെ കാണാതെ പാറിയ മുടിയും പിഞ്ഞിക്കീറിയ ബ്ളൗസും ഉള്ള അമ്മ മനസ്സിൽ നൊമ്പരത്തിന്റെ നീർച്ചാലുകളെ ഇളക്കുന്നു.

ആലസ്യത്തിന്റെ ഇരുട്ടിൽ കീറലുകൾ വീഴുമ്പോൾ ഞാനെന്റെ ഒന്നരവയസ്സുള്ള അനുജനെ കാണുന്നു. എല്ലുന്തിയ നെഞ്ചുമായി, ഗ്രഹണിപിടിച്ച് വീർത്ത വയറുമായി, നീന്തിഞെരങ്ങി അവൻ അമ്മയുടെ അടുത്തെത്തി. അമ്മ അവനെ ഉമ്മവെയ്ക്കുന്നു. ചൊറിപിടിച്ചളിഞ്ഞ അവന്റെ ശരീരത്തിലൂറിനിന്ന മഞ്ഞദ്രാവകം അമ്മയ്ക്ക് തീർത്ഥജലം.

അവൻ അമ്മയുടെ ശുഷ്കിച്ച മുല ഞെക്കി ആർത്തിയോടെ വായിൽവെച്ചു. ഒരു നിമിഷം അവന്റെ കൊച്ചുകണ്ണിൽ തീവ്രനൈരാശ്യത്തിന്റെ പാട, അവൻ അമ്മയുടെ മുഖത്തേക്കാർത്തിയോടെ നോക്കി.

ഇല്ല, എനിക്കിതസഹ്യം. അമ്മയുടെ വിങ്ങിപ്പൊട്ടിയ കരച്ചിൽ എന്നെ തളർത്തുന്നു. എന്റെ സിറിഞ്ചെവിടെ? സിറിഞ്ചിന്റെ അററം വിടർത്തുന്ന മാരിവില്ലുകൾ എവിടെ?....

ഞാൻ നഗരത്തിലേക്ക് നടന്നു. (ഗ്രാമം എന്നെ തള്ളുന്നു) നഗരത്തിൽ നിലാവ് മേഘത്തിനിടയിലൂടെ പാൽ ചുരത്തുന്നുണ്ടായിരുന്നു. വിജനതയിൽ മഞ്ഞു പാട പടർത്തിയിരിക്കുന്നു. ഉറങ്ങുന്ന നഗരവീഥിയുടെ ഇരുവശത്തും നിരനിരയായി അടഞ്ഞുകിടക്കുന്ന കടകൾ. പകലത്തെ വിലപേശലിന്റെ തളർച്ചയിൽ ഉറങ്ങുന്ന നഗരത്തിന്റെ കച്ചവടകേന്ദ്രമാണിത്. ഞാൻ ഒഴുകുകയായിരുന്നു—

പിന്നിട്ട വീഥിയുടെ അററത്തുനിന്നൊരു ശബ്ദം. ഒരു കാറ്. ഞാൻ മറഞ്ഞുനിന്നു. കാർ കണ്ണടച്ചു. നേരിയ വെട്ടത്തിൽ എന്തോ കാറിൽനിന്നു പുറത്തേക്കു വീഴുന്നതുപോലെ തോന്നി. കാർ തിരിച്ചുപോയി. വീണ്ടും ഉറഞ്ഞുകൂടിയ നിശ്ശബ്ദതയിൽ ഒരു ദീനരോദനം തങ്ങിനിന്നു. മനസ്സിന്റെ കോണിൽ ജിജ്ഞാസ ഉണർന്നു.

തിരിച്ചു നടന്നു. ഒരു മനുഷ്യശരീരം പിടക്കുന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ ഉൾക്കിടിലുണ്ടായി. ഒരു പെൺകുട്ടി. മിക്കവാറും നഗ്നയായിരുന്ന അവൾ എന്നെകണ്ട് പൊട്ടിക്കരഞ്ഞ് എഴുന്നേൽക്കാൻ ശ്രമിച്ചു. താങ്ങി എഴുന്നേൽപ്പിച്ചു.

"അവരെ....ന്നെ നശിപ്പിച്ചു.... ജോലി തരാമെന്നു പറ..ഞ്ഞ്..."

ആരംഭത്തിലെതന്നെ അവസാനിച്ച വാക്കുകൾ. അവൾ അനക്കമില്ലാതെവീണു. സുന്ദരമായ മുഖത്ത് നഖക്ഷതങ്ങൾ. ശരീരം മുഴുവൻ ചോരപ്പാടുകൾ.... ചുരുണ്ട കൈപ്പത്തി അപ്പോഴാണ് കണ്ണിൽപെട്ടത്. കൈപ്പത്തി വിടർത്തി. വിടർത്തിയ കൈപ്പത്തിയിൽ വലിച്ചു കീറപ്പെട്ട തുണിക്കഷണം. ഖദർത്തുണിയുടെ കഷണം!

പെട്ടെന്നെനിക്ക് ഛർദ്ദിക്കാൻ തോന്നി.

ശൂന്യതയിലേക്കിഴുകാൻ മനസ്സു വെമ്പുമ്പോഴാണത് കേട്ടത്—

"എഴുന്നേൽക്കെടാ റാസ്കൽ. വ്യഭിചരിക്കുന്നോ—?"

X X X

ജയിലിലെ വൃത്തികെട്ട തറയിൽ ഒരൊററപ്പെട്ട ദ്വീപുപോലെ ഞാനിരിക്കുന്നു. കണ്ണുകൾ തറഞ്ഞത് നേരെ മുമ്പിൽ കൈകാലുകളിൽ ചങ്ങലയുമായി കിടക്കുന്ന ഒരു കരുത്തനിലാണ്. വിടർന്ന് രോമം പടർന്ന നെഞ്ചും പൗരുഷമുള്ള മുഖവും. തറയിൽകിടത്തി അവർ അവന്റെ നെഞ്ചിൽ ആഞ്ഞുചവിട്ടുന്നു. ശ്മശാന ഭൂമിയിൽ ശവശരീരം കാർന്നു തിന്നുന്ന കഴുകന്മാർ.



നിമിഷനേരംകൊണ്ട് തറയിൽ ചുവന്ന ചെത്തിപ്പൂക്കൾ ചിതറിവീണു. നിർവ്വികാരതയിൽ മനസ്സ് ചലിക്കയോ?

“ഇവന്റെ ഒരു കൂലിക്കൂടുതൽ ”

അറപ്പുള്ള സ്വരം. കത്തിയുടെ വായ്ത്തല. കരുത്തൻ പിടഞ്ഞു. ഒരുത്തൻ ആർത്തു ചിരിച്ചു. കരുത്തന്റെ നെഞ്ച് വിണ്ടുകീറി. കുപ്പിച്ചീളുകൾപോലെ പൊട്ടിച്ചിരി മുറിയിൽ നിറഞ്ഞുനിൽക്കെ ഒരുത്തൻ മുളകുപൊടി മുറിവിൽ വെച്ച്പൊത്തിയിട്ട് അലറി—

“നിന്റെ ഒരു ഇങ്കിലാബ്....”

പെട്ടെന്നൊരാക്രോശം. കരുത്തന്റെ വായിൽതിരുകിയ പഴന്തുണി പുറത്തുചാടി. കൂടെ ഒരു കമ്പിറം കുറച്ചോരയും. കരുത്തൻ ചലനരഹിതൻ.

ഞാൻ മരവിച്ചുപോയി.

തലച്ചോറിൽവീണ ഒരു സുഷിരത്തിലൂടെ ചിന്താധാര. ഞാനിന്നുവരെ ഏതുലോകത്തിലായിരുന്നു? കൂലിക്കൂടുതലും ഇങ്കിലാബും കരുത്തനും. എന്റെ അമ്മയുടെ ദുഃഖം പാടകെട്ടിയ മുഖം. വിശപ്പ് ആളിക്കത്തുന്ന എന്റെ അനുജന്റെ മുഖം. കബളിപ്പിക്കപ്പെട്ട പെൺകുട്ടിയുടെ ദൈന്യതയാർന്ന മുഖം. മുഖങ്ങൾ. ഗ്രാമവും നഗരവും ഈ മുഖങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. കൂട്ടത്തിൽ തെല്ല് ശങ്കയോടെ തെരക്കിയപ്പോൾ എന്റെ മുഖം; പാവം എന്റെ മുഖം കണ്ടില്ല.

ഇവിടെ തറയിലൂടെ എറുമ്പുകളുടെ ഒരു ഘോഷയാത്ര നടക്കുന്നു. അവർക്കൊരു വലിയ പ്രാണിയെ കിട്ടിയിരിക്കുന്നു. അവർ ഉൽസാഹഭരിതർ. അവർക്കിന്നു ഉൽസവമാണ്.

എനിക്കു ധൃതിയായി. എന്റെ മുഖം എവിടെ? എവിടെയാണതു നഷ്ടപ്പെട്ടത്. മനസ്സിൽ സ്വൈരത കെടുത്തുന്ന ചീവീടുകൾ. ഈ അഴികൾ പൊട്ടിച്ച് എന്റെ മുഖം തേടണമെനിക്ക്. പാഞ്ചജന്യം മുഴങ്ങുന്ന മനസ്സ്. ഞാനെന്തു ചെയ്യീ അഴികൾക്കിടയിൽ പെടാൻ. ഞാണൊലികൾ ഇരമ്പുന്ന മനസ്സ്. രണഭേരികൾ ഉച്ചത്തിൽ അലറുന്നു. യുദ്ധം ആരംഭിച്ചിരിക്കുന്നു.

വിട. സ്വപ്നങ്ങളേ, വിട.

ഇളകുന്ന എന്റെ ഗ്രാമത്തിന്റെ കാലൊച്ച ശ്രവിക്കുക. ഒരു മഹാസാഗരത്തിന്റെ ഇരമ്പൽ. ഉണർന്നോടുന്ന ആ ആവേശത്തിമിർപ്പിൽ ഞാനെന്റെ മുഖം തിരയട്ടെ—

വിട. സ്വപ്നങ്ങളേ, വിട.

കൊടുങ്കാറ്റുണർത്തി നഗരം അലറുന്നതു ശ്രദ്ധിക്കുക. അവർ ഉതിർക്കുന്ന ഇടിമിന്നലിൽ, തെളിയുന്ന ഇരുട്ടിൽനിന്നു ഞാനെന്റെ മുഖം ചികഞ്ഞെടുക്കെ ..

സാഗരം ഇരമ്പി അടുക്കുമ്പോൾ, കൊടുങ്കാറ്റാഞ്ഞടിക്കുമ്പോൾ, ഇടിനാദം ഉതിർന്നു വീഴുമ്പോൾ, പറയൂ, ഞാൻ എങ്ങിനെ ഉറങ്ങും? ഞാനെങ്ങിനെ ഉറങ്ങും? ഞാനെങ്ങിനെ....?....

— o —

# അഹല്യാമോക്ഷം

കണ്ണുതുറന്ന് ആദ്യം നോക്കിയതു് ജനലിലൂടെ പുറത്തേയ്ക്കാണ്. നീലിമയാർന്ന ആകാശത്തിന്റെ പടിഞ്ഞാറെ ചെരിവിൽ മങ്ങി പ്രകാശിക്കുന്ന നക്ഷത്രംമാത്രം. പുറത്തു് ഇരുട്ട് തോല്ക്കുകയും വെളിച്ചം ജയിക്കുകയും ചെയ്യുന്നു.

അവൾ ഓർത്തു. തന്റെ ജീവിതത്തിൽ വെളിച്ചം കടന്നു വന്നിട്ടേയില്ല. ആഗ്രഹങ്ങൾ മുളയ്ക്കും മുൻപേ ചീഞ്ഞുപോകും. സ്വപ്നങ്ങൾ വളർന്നു പുഷ്പിക്കുന്നതും കാത്തു് രോമാഞ്ചമണിഞ്ഞുകിടക്കുന്ന തടങ്ങൾ ഉണങ്ങി വരണ്ടുപോകുന്നു; നിമിഷങ്ങൾ അധികം കഴിയുംമുമ്പേ.

ഇതു് പതിവാണ്. ഇന്നു് ആഗ്രഹങ്ങളില്ല. മരവിച്ച മനസ്സിനു് ജീവൻ നല്കുവാൻ ശ്രദ്ധിച്ചിട്ടുമില്ല. ഉദാസീനത ജീവിതത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുന്നു.

പ്രഭാതത്തിലെ ഇളം തണുപ്പിൽ മൂടിപ്പുതച്ചുകിടക്കുവാൻ നല്ല സുഖമാണ്. ഇന്നു പുതപ്പു് വലിച്ചെറിഞ്ഞു് തലവഴി മൂടികിടന്നു.

ഇന്ദു! മോളേ ഇന്ദൂ, അമ്മയുടെ വിളികേട്ടാണ് മയക്കത്തിൽനിന്നും ഉണർന്നതു്. വേഗം തട്ടിപ്പിടഞ്ഞെണീററു. സമയം എത്ര. കുററബോധത്തോടെ അമ്മയെ നോക്കി. അമ്മ ഒന്നും പറയാതെ പുറത്തേക്കിറങ്ങി. വേദനതോന്നി. ഈയ്യിടെയായി അമ്മ പഴയപോലെ തന്നോടൊന്നും മിണ്ടാറില്ല. വേദനയോടെ അമ്മ ചിലപ്പോൾ പറയുന്നതു് കേൾക്കാം "ദൈവമേ, ഈ കുട്ടി എന്റെ വയററിൽ ജനിക്കാൻമാത്രം ഞാനെന്തു പാപമാണ് ചെയ്തതു്?

തനിക്കു് പ്രായം തികഞ്ഞപ്പോഴാണ് പ്രശ്നം ഗുരുതരമായതു്. കുട്ടിക്കാലത്തു് ഓടിച്ചാടി നടന്നു. പ്രായം തികഞ്ഞപ്പോൾ അച്ഛനമ്മമാർ അവരുടെ കടമ നിർവ്വഹിക്കുവാൻ തയ്യാറായി. അതിഥി സൽക്കാരങ്ങൾ മുറയ്ക്കു് നടന്നുകൊണ്ടിരുന്നു.. പക്ഷേ, വിരൂപയായ തന്നെ ആരാണ് ഇഷ്ടപ്പെടുക?

വിദ്യാഭ്യാസവും സൗന്ദര്യവുമുള്ള അനുജത്തി സുമയ്ക്കു് ചേച്ചി ഇന്നൊരു പ്രതിബന്ധമാണ്. മൂത്തവളെ നില്ക്കെ ഇളയവളെ കെട്ടിച്ചയയ്ക്കുന്ന പ്രശ്നമേ ഇല്ലെന്നാണ് അച്ഛന്റെ തീരുമാനം. സുമ തന്നെ കാണുമ്പോൾ മുഖംവെട്ടിത്തിരിക്കുന്നു. ഇതിനിടയിൽ ദുഃഖത്തിന്റെ അഗ്നിപർവ്വതംകണക്കെ അമ്മ. ആ മുഖം കാണുമ്പോൾ ആർക്കും ഭാരമാകാതെ ജീവിതം അവസാനിപ്പിച്ചാലോ എന്നും തോന്നാറുണ്ട്.

ഇന്ദു! വീണ്ടും അമ്മയുടെ ശബ്ദം. ഉമിക്കരിയും എടുത്തു് കിണററിൻകരയിൽ പോയി പല്ലുതേച്ചുതുടങ്ങി. വെറുതെ ആകാശമലിഞ്ഞാത്ത അടുത്ത വീട്ടിലേക്കു് നോക്കിയപ്പോൾ, തുറന്നുകിടക്കുന്ന ജനലിലൂടെ കാന്തശക്തി

## ഗീത. തണ്ണിക്കോട്

യുള്ള രണ്ടുകണ്ണുകളുടെ ഉടമ. ഇങ്ങോട്ടു് നോക്കിനില്ക്കുന്നു. തന്റെ വൈരൂപ്യം ഒരിക്കൽകൂടി കണ്ടറിവുള്ള ജാള്യതയിൽ എളുപ്പം കിണററിൻകരയിൽനിന്നും അടുക്കളയിലേയ്ക്കു് ചെന്നു.

അവിടെ അമ്മ കാപ്പിയും ദോശയും മൂടിവെച്ചിരിക്കുന്നു. കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോൾ അച്ഛൻ അങ്ങോട്ടു് കയറിവന്നു. ഇരുന്നഇരുപ്പിൽ അറിയാതെണീററുപോയി. എന്തൊക്കെയോ പിറുപിറുത്തുകൊണ്ടു് അച്ഛൻ പുറത്തേയ്ക്കുപോയി.

ഇത്രനേരമായിട്ടും അച്ഛനെന്താണാവോ ഓഫീസിൽ പോകാത്തതു്? ആരോടു് ചോദിക്കാനാണ് ഞാൻ. ഈ വീട്ടിൽ എല്ലാവർക്കും ഞാനൊരു ശത്രുവിനെ പോലെയാണല്ലോ. ഞാൻ അവരോടു് എന്തു കുററം ചെയ്തു? വിരൂപയായതു്, സ്വന്തം കുററമല്ലല്ലോ. അപ്പോഴേയ്ക്കും അതിലെ പോയ മുത്തശ്ശി താനവിടെ ഇരിക്കുന്നതു് കണ്ടു.

"ഓഹോ, നേത്യാരമ്മ പള്ളിയുറക്കം കഴിഞ്ഞോ?". എങ്ങിനെയാ പിന്നെ ഗതിപിടിക്ക്യാ? പ്രായം തികഞ്ഞ പെൺകുട്ടികൾ

ഏഴര വെളുപ്പിനെണീററ് കുളിച്ച് അടുക്കളയിൽ കയറും. ഇന്ന് കിടന്ന പായിൽനിന്നെണീററപടി അടുക്കളയിലേയ്ക്കാണ്. എണീക്കുന്നതോ നട്ടുച്ചയ്ക്കും. എങ്ങിനെയാ പിന്നെ മംഗല്യഭാഗ്യം ഉണ്ടാകാ? ശിവ! ശിവ, ഇതൊന്നും കാണാനും കേൾക്കാനും ഇടനല്ലാതെ എന്നെ എളുപ്പം അങ്ങു വിളിക്കണേ.'' ഇത്രയും പറഞ്ഞ് മുത്തശ്ശി തെക്കിനിയിലേയ്ക്ക് നടന്നു പോയി.



ദിവസവും ഇതൊക്കെ കേൾക്കാറുള്ളതുകൊണ്ട് ഇപ്പോൾ പ്രത്യേകിച്ചൊന്നും തോന്നാറില്ല.

പാത്രവുംകൊണ്ട് കിണററിൻ കരയിൽ ചെന്നപ്പോൾ മുമ്പുകണ്ട വ്യക്തി പൂമുഖത്ത് ചാരുകസേരയിൽകിടന്ന് പത്രംവായിക്കുന്നു. ഇങ്ങോട്ട് നോക്കുന്നതു കണ്ടപ്പോൾ പെട്ടെന്ന് നോട്ടം പിൻവലിച്ച് പാത്രവും കൊണ്ടകത്തേയ്ക്ക് കയറിപ്പോന്നു.

ഇന്ദു! അച്ഛൻെറ ശബ്ദം. എന്താണാവോ! പൂമുഖത്തേയ്ക്ക് ചെന്നു. അച്ഛൻ ചാരുകസേരയിൽ കിടക്കുന്നു. അമ്മ തൊട്ടടുത്തുണ്ട്. സുമ കോളേജിൽ പോകാൻ ഒരുങ്ങി നില്ക്കുന്നു.

''ഇന്ന് നിന്നെ കാണാൻ വടക്കുന്ന് ഒരു കൂട്ടർ വരുന്നുണ്ട്. അവർ പത്തരയ്ക്ക് എത്തുമെന്നാണ് പറഞ്ഞത്''. തീർന്നു. സാധാരണ അമ്മയാണല്ലൊ ഈവക കാര്യങ്ങൾ പറയുക. അമ്മയ്ക്കും മടുത്തു കാണും.

തിരികെ മുറിയിലേയ്ക്ക് നടക്കുമ്പോൾ ഉള്ളിൽ ചിരിച്ചുപോയി. തുണിക്കടകളിൽ ചെല്ലുമ്പോൾ സാരിയുടെ ഭംഗി ആസ്വദിയ്ക്കുന്നതിനുവേണ്ടി ജീവനില്ലാത്ത പ്രതിമകളെ സാരി ഉടുപ്പിച്ച് നിർത്തിയിരിക്കുന്നതു കാണാം. ചിലർ സാരി കണ്ടിട്ട് ഇഷ്ടമോശം എന്നഭിപ്രായപ്പെടുന്നു. മററു ചിലർക്ക് ഡിസൈൻ ഇഷ്ടപ്പെട്ടില്ല. ഇനിയും ചിലർക്ക് നിറം പിടിച്ചിട്ടില്ല. വേറൊരു കൂട്ടർക്ക് വില കൂടിപ്പോയി. അങ്ങിനെ പോകുന്നു അതിൻെറ കുററവും കുറവും. താനും അതിൽനിന്ന് ഒട്ടും ഭിന്നമല്ല. ജീവനുള്ള പ്രതിമയാണെന്ന് മാത്രം.

ഓർക്കുമ്പോൾ വേദന തോന്നുന്നു. എത്രയെത്ര ചമഞ്ഞൊരുങ്ങൽ കഴിഞ്ഞിരിക്കുന്നു. ആദ്യമാദ്യം എന്തു സന്തോഷമായിരുന്നു. പിന്നീട് വെറും ചടങ്ങിനുവേണ്ടി—അച്ഛനെയും അമ്മയെയും വിഷമിപ്പിക്കാതിരിക്കുന്നതിനുവേണ്ടി മാത്രം.

അലമാര തുറന്ന് ആകാശത്തിൻെറ നിറമുള്ള ഇളം നീലസാരിയെടുത്തുടുത്തു. മുടിചീകി അററം കെട്ടിയിട്ടു. ഒരു മാസിക എടുത്ത് വെറുതെ മറിച്ചുനോക്കിയിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ പൂമുഖത്ത് സംസാരം കേട്ടു. എണീററുചെന്ന് നോക്കിയപ്പോൾ അച്ഛൻ അതിഥികളെ സ്വീകരിക്കുകയാണ്.

കുറച്ചുകഴിഞ്ഞ് അച്ഛൻെറ വിളികേട്ടു.

ഇന്ദു!

തൻെറ സമയം സമാഗതമായിരിക്കുന്നു. അൽപംപോലും സങ്കോചമോ പതറലോ കൂടാതെ കാപ്പിട്രേയുംകൊണ്ട് പൂമുഖത്തേയ്ക്ക്ചെന്നു. തിരിച്ചുപോന്നു. തൻെറ ജോലി കഴിഞ്ഞിരിക്കുന്നു. സാരി അഴിച്ച് അതുപോലെതന്നെ മടക്കി അലമാരയിൽവച്ചു. അല്ലെങ്കിൽ സുമ വൈകിട്ട് വരുമ്പോൾ ഇവിടെ കിടന്നു പൊറുക്കാമെന്ന് കരുതേണ്ട.

അല്പം കഴിഞ്ഞപ്പോൾ പൂമുഖത്തെ ശബ്ദം നിലച്ചു. തൻെറ വിധി അവർ അച്ഛനോട് പറഞ്ഞിരിക്കുമോ ആവോ!

വൈകിട്ട് സുധ വന്നപ്പോൾ മുത്തശ്ശി അവളോട് പറയുന്നതു കേട്ടു.

പെൺകുട്ടികളായാൽ കുറച്ചൊക്കെ ഒരു ഐശ്വര്യം വേണ്ടേ കുട്ടീ? അല്ലാച്ചാ എന്താ ചെയ്യാ! ഈ തറവാട്ടിൽ ഇങ്ങിനെയൊന്നുണ്ടായിട്ടില്ല. പതിനഞ്ച് കഴിഞ്ഞ് ഒററ പെൺകുട്ടിയും വിവാഹിതയായിട്ടില്ല. പതിമൂന്നാം വയസ്സിലാ എനിക്ക് പുടവ തന്നത്. മരിച്ചുപോയ കാർന്നോന്മാരുടെ

ശാപമായിരിക്കും, ആ കണിയാനെ ഒന്നിങ്ങ് വരുത്തണം.

അപ്പോൾ ഇതും ഒഴിഞ്ഞിരിക്കുന്നു. മുത്തശ്ശിയുടെ കണക്കിൻ പ്രകാരം തനിക്ക് വിവാഹപ്രായം കഴിഞ്ഞിട്ട് പതിനഞ്ച് വർഷമായിരിക്കുന്നു! ഈ തുലാത്തിൽ തനിയ്ക്ക് ഇരുപത്തിയെട്ട് വയസ്സ് കഴിയും.

വൈകിട്ട് പറമ്പിൽ ചീരയ്ക്ക് തടം ഇടുകയായിരുന്നു. ചുമ കേട്ട് തിരിഞ്ഞുനോക്കിയപ്പോൾ അടുത്ത വീട്ടിലെ ജനാലയ്ക്കൽ രാവിലെ കണ്ട മനുഷ്യൻ! തലതിരിച്ച് ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

എപ്പോഴെങ്കിലും അടുത്ത വീട്ടിലേയ്ക്ക് നോക്കിയാൽ, അയാൾ അവിടെ ഉണ്ടെങ്കിൽ ഇങ്ങോട്ട് നോക്കി നില്ക്കുന്നത് കാണാം. ഒന്നുകിൽ ജനാലയുടെ പിന്നിൽ, അല്ലെങ്കിൽ പറമ്പിൽ; അതുമല്ലെങ്കിൽ ചാരുകസേരയിൽ കിടന്ന് നോക്കും. അയാളെ ആകർഷിക്കുവാൻ തക്കതായി തന്നിലെന്താണുള്ളത്? വേഗം ചെന്ന് കണ്ണാടിയെടുത്ത് നോക്കി. പെട്ടെന്ന് അത് തല്ലിപ്പൊട്ടിക്കുവാൻ തോന്നി. പക്ഷേ കണ്ണാടി എന്തു പിഴച്ചു?

രാവിലെ ശിവക്ഷേത്രത്തിൽ പോയി വരുമ്പോൾ അയാൾ മുന്നിൽ. ഹൃദയമിടിപ്പിന് വേഗത കൂടി. കാലുകൾ മുന്നോട്ട് ചലിക്കുന്നില്ല. എന്തുചെയ്യണമെന്നറിയാതെ പകച്ചു നിന്നുപോയി. അയാൾ അടുത്തെത്തിക്കഴിഞ്ഞു. തറഞ്ഞു കയറുന്ന നോട്ടം താങ്ങാനാവാതെ തലതാഴ്ത്തി.

അമ്പലത്തിൽ പോയിരുന്നുവല്ലേ?

മിണ്ടാൻ നാവ് വഴങ്ങിയില്ല.

എന്റെ കാര്യം വല്ലതും ദേവിയോട് പറഞ്ഞോ?

അപ്പോഴും മിണ്ടിയില്ല.

ചിരിച്ചുകൊണ്ട് അയാൾ മുന്നോട്ട് പോയി.

പിറ്റേന്ന് അമ്പലത്തിൽ പോകാൻ വളരെ ധൃതിയായിരുന്നു. തന്നെപ്പറ്റി വിചാരിക്കുവാൻ, തന്നെക്കാണാൻ ആഗ്രഹിക്കുന്ന ഒരാളുണ്ടാവുക— മനസ്സിനെന്ത് സന്തോഷമാണ്!

കണ്ണാടിയിൽ നോക്കി കണ്ണെഴുതി. പൊട്ടുതൊട്ടു. പൌഡറിട്ടു. അമ്മയുടെ മുണ്ടും നേര്യതും ഉടുത്ത് പുറത്തേയ്ക്കിറങ്ങിയപ്പോൾ, സുമയുടെ വക:

“കാക്ക കുളിച്ചാൽ കൊക്കാകുമോ?”

വേഗം ചെന്ന് അവളെ പിച്ചിക്കീറി എറിയുവാൻ തോന്നി. പക്ഷേ ഒന്നും മിണ്ടാതെ നടക്കുകയാണ് ചെയ്തത്.

അമ്പലത്തിൽ നിന്നു വരുമ്പോൾ അയാളെ കണ്ടു. അടുത്തു വന്നു.

“ഇന്ദു, ഇന്ന് സുന്ദരിയായിട്ടാണല്ലോ!”

പൊട്ടിക്കരയാതിരിക്കാൻ പാടുപെട്ടുകൊണ്ട് വേഗം വീട്ടിലേയ്ക്കോടി. വീട്ടിൽച്ചെന്ന് കയറിയപ്പോൾ അമ്മ പരിഭ്രമത്തോടെ ചോദിച്ചു:

എന്തുപറ്റി കുട്ടി?

തേങ്ങാക്കുല! ഉത്തരം പെട്ടെന്നായിരുന്നു നിയന്ത്രിച്ചിട്ടും പറ്റാത്ത വിധത്തിൽ കരച്ചിൽ പുറത്തേയ്ക്കുവീണു. എല്ലാവരും തന്നെ കളിയാക്കുന്നു, ആക്ഷേപിക്കുന്നു. വീട്ടിലുള്ളവരും പുറത്തുള്ളവരും എല്ലാം.

ഇന്ദു, സുന്ദരിയായിരിക്കുന്നു എന്ന്! എന്തൊരു പരിഹാസം! അയാളെ കാണിക്കാനാണ് താൻ ചമഞ്ഞൊരുങ്ങി പോയത് എന്ന് കരുതാതിരുന്നാൽ മതിയായിരുന്നു. കുറേനേരം കിടന്ന് കരഞ്ഞു. അമ്മ വാതിൽക്കൽ വന്ന് കുറച്ചുനേരം നോക്കിയിട്ട് പോയി.

ഞാൻ ജനിച്ചപ്പോൾതന്നെ അമ്മയ്ക്ക് എന്നെയങ്ങ് കൊല്ലാമായിരുന്നില്ല എന്ന് അമ്മയോട് ചോദിക്കുവാൻ പോലും തോന്നിപ്പോയി. കുറെ കരഞ്ഞപ്പോൾ മനസ്സിന് കുറച്ചാശ്വാസം ലഭിച്ചു.

പിന്നീട് കഴിയുന്നതും പുറത്തേയ്ക്കിറങ്ങാതിരിക്കാൻ ശ്രദ്ധിച്ചു. മുറ്റത്തേക്കിറങ്ങുമ്പോൾ അയൽവീട്ടിലേയ്ക്ക് നോക്കാറില്ല.

രണ്ടു മൂന്നാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും അമ്മയുടെ പഴയ പല്ലവി.

‘മോളേ, ഇന്നു നിന്നെക്കാണാൻ തിരുവനന്തപുരത്തുകാരൻ ഒരു ചെറുക്കൻ വരുന്നുണ്ട്. ചെറുക്കന് ഇവിടെ ഇലക്ട്രിസിറ്റി ബോർഡിലാണ് ജോലി. അവർ വരാറായി, മോള് പോയി ആ സാരിയൊക്കെ ഒന്നു മാറി വൃത്തിയായി നില്ക്ക്.’

‘ഇനി എന്നെക്കൊണ്ട് ഒരുങ്ങാൻ വയ്യാ, സുമയെ ഒരുക്കിവിട്. അവളുടെ വിവാഹമെങ്കിലും നടക്കട്ടെ. എനിക്കേതായാലും വിധിച്ചിട്ടില്ല.’

അച്ഛൻ വരുന്നതു കണ്ടപ്പോൾ വേഗം മുറിയിലേയ്ക്ക് പോയി. കുറച്ചു കഴിഞ്ഞപ്പോൾ പതിവു പോലെ അച്ഛന്റെ ശബ്ദംകേട്ടു.

'ഇന്ദൂ!'

അമ്മയുടെ കയ്യിൽനിന്നും കാപ്പിവാങ്ങി, പൂമുഖത്തേയ്ക്ക് ചെന്നു. കാപ്പി ടീപ്പോയിൽ വെച്ചിട്ട് തിരികെ പോകാൻ ഭാവിച്ചപ്പോൾ അച്ഛന്റെ ശബ്ദം:

'ഇന്ദൂ! അവിടെയിരിക്ക്, നിന്നോടെന്തോ ചോദിക്കാനുണ്ടെന്ന്.'

അച്ഛൻ അകത്തേയ്ക്ക് പോയി.

'ഇന്ദു ഇപ്പോൾ അമ്പലത്തിൽ പോകാറില്ലേ?

പരിചയമുള്ള ശബ്ദം, നോക്കിയപ്പോൾ, അടുത്ത വീട്ടിലെ ചെറുപ്പക്കാരൻ. ഭഗവാനേ!

'ഇന്ദുവിനെ എനിക്കിഷ്ടമാണ്. ബാഹ്യ സൗന്ദര്യത്തിനല്ല, ഹൃദയസൗന്ദര്യത്തിനാണ് കൂടുതൽ ഞാൻ പ്രാധാന്യം നല്കുന്നത്. ഇന്ദുവിനു് അതു് വേണ്ടുവോളം ഉണ്ടെന്നു് ദുഃഖം തളംകെട്ടിക്കിടക്കുന്ന ആ കണ്ണുകൾ കണ്ടാലറിയാം.'

ദൈവമേ, ഞാൻ സ്വപ്നം കാണുകയാണോ, അല്ല യാഥാർത്ഥ്യം തന്നെ.

'എന്റെ പേരു് രാജൻ, ഇന്ദുവിനു് എന്നെ ഇഷ്ടമായോ?'

ഒന്നും മിണ്ടിയില്ല. കവിളിലൂടെ സന്തോഷാശ്രുക്കൾ ഒഴുകി.

'ഞാൻ പോകട്ടെ! അടുത്തു തന്നെ വീണ്ടും കാണാം.'

തലകുലുക്കി യാത്രാനുമതി നല്കി.

ഈ ലോകത്തിലുള്ള സകലചരാചരങ്ങളും കേൾക്കെ കേൾക്കെ എനിക്ക് ഉറക്കെ വിളിച്ചു കൂകാൻ തോന്നി.

എനിക്ക് ശാപമോക്ഷം കിട്ടിയിരിക്കുന്നു. നീണ്ട ഇരുപത്തിയെട്ടു വർഷമായി കടുത്ത മഞ്ഞും, വെയിലും, മഴയുംകൊണ്ടു്, ശ്രീരാമപാദ സ്പർശനം മോഹിച്ചു കിടന്ന അഹല്യയായ എനിക്ക്, ഒടുവിലിതാ ശാപമോക്ഷം ലഭിച്ചിരിക്കുന്നു. രാജനെന്ന എന്റെ ഹൃദയ ദേവൻ എനിക്ക് ശാപമോക്ഷം നൽകി. ദുഃഖങ്ങളെ, ഞാൻ വിട പറയട്ടെ. സുഖ സൗഭാഗ്യങ്ങളെ വരൂ, നമുക്ക് വിട്ടുപിരിയാത്ത ചങ്ങാതിമാരാകാം.




Execute your Fashionable Notions thro'

# PANT HOUSE

*TAILORS*

**Kurisupally Road,**

**Ravipuram — COCHIN-682015.**

# കുമിളകൾ



—ശക്തി വി. ഷേണായ്

ജീവന്മുക്തിക്കുവേണ്ടി അവൻ
പ്രാർത്ഥിച്ചപ്പോൾ സൂര്യൻ
കത്തി ജ്വലിക്കുകയായിരുന്നു. ഒരു ഗോളമായി—
തീക്കനലായി—നിന്നിരുന്ന സൂര്യനെ നോക്കി
അവൻ അട്ടഹസിച്ചു.
അപ്പോൾ,
സൂര്യന്റെ കിരണങ്ങൾ അവന്റെ
മസ്തിഷ്കത്തിലൂടെ—ഹൃദയത്തിലൂടെ—
അടിവയറ്റിലൂടെ—പെരുവിരലിലൂടെ
ത്രസിച്ചിറങ്ങി.
അവന്റെ ശരീരം മുഴുവനും
ജ്വലിച്ചുയരുകയായിരുന്നു.
അവൻ പ്രകാശബിന്ദുവിൽ അലിഞ്ഞലിഞ്ഞ്
ആരും കാണാത്ത ഒരു ലോകത്തിലേയ്ക്ക്
ഉയർത്തപ്പെടുകയായിരുന്നു.
അപ്പോൾ,
''അയ്യോ, എനിയ്ക്കു പേടിയാകുന്നു;
എനിയ്ക്കു ജീവന്മുക്തിവേണ്ട'' —
അവൻ വിളിച്ചു പറഞ്ഞു.
പക്ഷെ,
അവന്റെ ശബ്ദം ഉയർന്നിരുന്നില്ല.
അവൻ തളരുകയായിരുന്നു.
അവന്റെ ശബ്ദം അന്തരീക്ഷത്തിൽ ലയിച്ച്
ആരും കാണാത്ത ഒരു ലോകത്തിലേയ്ക്ക്
ചിറകടിച്ചു പറന്നുപോയിരുന്നു.
സൂര്യൻ വീണ്ടും തന്റെ കരങ്ങൾ അവനിൽ
കുത്തിയിറക്കി.
അപ്പോൾ,
സൂര്യന്റെ കണ്ണുകൾ തീക്കനലുകൾപോലെ
ജ്വലിക്കുകയായിരുന്നു.
അവൻ നിലത്തുകിടന്നുരുണ്ടു;
കൈകാലുകളിട്ടടിച്ചു.
അവൻ ജീവനുവേണ്ടി യാചിച്ചുകൊണ്ടിരുന്നു.
അവന്റെ ശബ്ദം ആരും കേട്ടില്ല.
അവൻ പിടയുന്നതു കണ്ട് സൂര്യൻ ചിരിച്ചു.
ആ ചിരിയുടെ അലകൾകേട്ട്
അവൻ പേടിച്ചു വിറച്ചു.
ആ ഞെട്ടലിൽ അവന്റെ ജീവൻ—
മുക്തിയിലേയ്ക്ക്—
ജലബിന്ദുവിൽനിന്നു വായുവിലേയ്ക്ക്—
ആരും കാണാത്ത ഒരു ലോകത്തിലേയ്ക്ക്—
ചിറകടിച്ചു പറന്നുയർന്നുകൊണ്ടിരുന്നു.
സൂര്യൻ അപ്പോഴും ചിരിക്കുന്നുണ്ടായിരുന്നു. ❋

ഹാസ്യനാടകം

# "ദൈവം മരിച്ചിട്ടില്ല..... പക്ഷേ"

## മുരളീധരൻ സി. എസ്സ്

കഥാപാത്രങ്ങൾ:— [ഭഗവാൻ നാരായണൻ, ലക്ഷ്മീദേവി, നാരദൻ, ബ്രഹ്മാവ്, ശ്രീപരമേശ്വരൻ, യമധർമ്മൻ, രണ്ടു യമാനയായികൾ]

രംഗം ഒന്ന്

[സ്ഥലം—വൈകുണ്ഠം. ഭഗവാൻ നാരായണൻ അനന്തശയനത്തിൽ. ലക്ഷ്മീദേവി ഭഗവാന്റെ കാൽ മടിയിൽവെച്ച് ഇരിക്കുന്നു. നാരദമഹർഷി നാരായണനാമം ഉച്ചരിച്ചുകൊണ്ടു പ്രവേശിക്കുന്നു.]

നാരദൻ: നാരായണ........നാരായണ........എന്തായിതു്? ദൈവം മരിച്ചെന്നോ? ജരാനരകൾ ബാധിക്കാത്ത, ജനിമൃതിയില്ലാത്ത ഭഗവാൻ നാരായണൻ മരിച്ചെന്നോ? അസംബന്ധം........പരമ അബദ്ധം. നാരായണ........നാരായണ........

ലക്ഷ്മീദേവി: മഹാത്മനേ, വണക്കം. ഭഗവാൻ സുഖനിദ്രയിലാണ്. അദ്ദേഹത്തെ ഉണർത്തണ്ട. നമുക്കു കുറച്ചുപതുക്കെ സംസാരിക്കാം.

നാരദൻ: നാരായണ..... നാരായണ...... അപ്പോൾ ലോകം തെറ്റിദ്ധരിച്ചിരിക്കുന്നു. വിഡ്ഢികൾ—വിഡ്ഢികളുശുമ്പന്മാർ. അല്ല, ദേവികേട്ടില്ലേ ഒരു തമാശ? ഭഗവാൻ മരിച്ചെന്നു്!! ആ ദാരിദ്ര്യവാസികൾ വിളിച്ചുകൂവുന്നു ഭഗവാൻ മരിച്ചെന്നു്! കഴുതകൾ.

ലക്ഷ്മി: എന്തു്!?! മഹർഷേ താങ്കൾ പറഞ്ഞതു് നേരോ?! ലോകത്തിനു ഭ്രാന്തുപിടിച്ചോ? ലോകനായകൻ മരിച്ചെന്നോ? (പതുക്കെ) നാരദരേ, ലോകത്തിനു തെറ്റു പററാറില്ല. ചിലപ്പോൾ നമ്മളെക്കാൾ മുമ്പ് അവർ അറിഞ്ഞിരിക്കും. എന്തായാലും ശ്വാസോച്ഛ്വാസം നിലച്ചോ എന്നു് നോക്കു.

(നാരദൻ പതുക്കെ ഭഗവാന്റെ മൂക്കിനുമ്പിൽ വിരൽ വച്ച് ശ്വാസം നിരീക്ഷിക്കുന്നു.)

നാരദൻ: ദേവീ....(തൊണ്ടയിടറി) ദേവീ....അടിയൻ. അടിയനു് സംശയം തീർന്നില്ല. ദേവി തന്നെ ഒന്നു്........

(ലക്ഷ്മീദേവി മടിയിലുള്ള ഭഗവാന്റെകാൽ പതുക്കെ താഴത്തുവച്ച് ചാടിയെഴുന്നേൽക്കുന്നു.)

ലക്ഷ്മി: എന്തു്? നാരദർക്കു് സംശയമോ? ഭഗവാനേ ചതിച്ചോ?!?

(ശ്വാസോച്ഛ്വാസം നിരീക്ഷിക്കുന്നു. പെട്ടെന്നു് അറിയാതെ കൈ ഭഗവാന്റെ മുഖത്തുതട്ടുകയും ഭഗവാൻ ഉണരുകയും ചെയ്യുന്നു.)

നാരായണൻ: എന്താണ്? എന്താണിവിടെ? എന്താണു് നാരദർ പരിഭ്രമിച്ചു്? ങേ! ലക്ഷ്മീദേവി കണ്ണീർ തുടയ്ക്കുന്നോ? പറയൂ.... എന്തുണ്ടായി?.... പറയൂ.

(ലക്ഷ്മീദേവി കണ്ണു തുടച്ചുകൊണ്ടുതന്നെ നിൽക്കുന്നു.)

നാരദൻ: അതു്....അ....തു് (ജാള്യത്തോടെ) ഭഗവാ



ന്റെ മുഖത്തുനോക്കി അതെങ്ങിനെ പറയും? അല്ല, എല്ലാമറിയുന്ന അവിടുന്നു് ഇതും അറിഞ്ഞുകാണും.

നാരായണൻ: (വ്യഗ്രതയോടെ) ഇല്ല.... നാമറിഞ്ഞില്ല. നാം നല്ല നിദ്രയിലായിരുന്നു. പറയൂ.... പറയൂ വേഗം. (ദേവിയുടെ നേർക്കുതിരിഞ്ഞു്) ദേവീ.... ദേവിയെങ്കിലും വ്യസനിക്കാതെ കാര്യം പറയൂ.

ലക്ഷ്മി: (പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ടു്) ....അതു്....അതൊരു തമാശയാണു് ഭഗവാനേ.

നാരായണൻ: തമാശയോ? (ദേഷ്യം ഒതുക്കി) തമാശയോ? എന്നിട്ടാണോ ദേവി കരയുന്നതു കണ്ടത്? എന്നെ ഒരു സുന്ദരവിഡ്ഢിയാക്കുവാൻ ശ്രമിക്കുകയാണോ?

ലക്ഷ്മി: അല്ല നാഥ. ഞാൻ അങ്ങയെ വിഡ്ഢിയാക്കുവാൻ വേണ്ടിയൊന്നുമല്ല പറഞ്ഞത്. പക്ഷേ ....ലോകം.... അങ്ങ് പോറ്റുന്ന ലോകം അങ്ങയെപ്പറ്റി എന്തൊക്കെയോ പറയുന്നു.

നാരദൻ: നാരായണ....നാരായണ. ദേവിക്കു മടിയാണെങ്കിൽ ഞാൻതന്നെ പറയാം. അങ്ങ് 'മരിച്ചു' എന്നുവരെ അവർ പറഞ്ഞുകൊണ്ടുനടക്കുന്നു. ഹും....എന്തു ധൈര്യം!?!

(ഭഗവാൻ അറിയാതെ പകച്ച് സ്വന്തം മാറിൽ കൈവച്ച് നാഡിമിടിപ്പ് പരിശോധിക്കുന്നു. താൻ മരിച്ചില്ല എന്ന് സ്വയം ഉറച്ചശേഷം)

നാരായണൻ: നാരദരേ....എന്ത്? ഇതു ധിക്കാരമോ. കഷ്ടം! നമ്മുടെ സൃഷ്ടികൾ നമുക്കെതിരേ—നമ്മുടെ നിലനില്പിനെതിരെ കാര്യമറിയാതെ ഒച്ചയെടുക്കുന്നു. (തലയ്ക്കു കൈയ്യുംവച്ച് ഇരുന്നശേഷം) ഹും–ശാസ്ത്രം— അവർക്ക് ശാസ്ത്രംമതി. കടലാസ്സുപൂക്കൾകണ്ട് മയങ്ങുന്നവർ. അവന്മാരെയൊക്കെ സൃഷ്ടിച്ചനേരത്ത് ആ പാലാഴി ഒന്നുകൂടി കടഞ്ഞെങ്കിൽ വല്ല പുതിയ അശ്വമോ ഐരാവതമോ കിട്ടുമായിരുന്നു കഷ്ടം!!!

നാരദൻ: വിനാശകാലേ വിപരീതബുദ്ധി അല്ലേ ഭഗവാനേ. നാരായണ....നാരായണ.

(ഭഗവാൻ എഴുന്നേറ്റ്) ആട്ടെ, നാരദരേ. നിങ്ങളെന്തിനാണ് പരിഭ്രമിച്ചത്? ദേവിയെന്തിനാണ് കരഞ്ഞത്? സത്യാവസ്ഥ നിങ്ങൾക്കറിഞ്ഞുകൂടേ?

നാരദൻ: (ജാള്യം മറച്ചുകൊണ്ട്) അല്ല.... അതു കേട്ടപ്പോൾ ദേവിക്കും ഒരു സംശയം. കൂടെ എനിക്കും. ഭഗവാന്റെ ശ്വസനം നിലച്ചതായിത്തോന്നി.

നാരായണൻ: കഷ്ടം, കഷ്ടം. നിങ്ങൾക്കും സംശയമോ? പിന്നെ ലോകരെ പഴിച്ചിട്ടെന്തുകാര്യം? നാം യോഗനിദ്രയിലായിരുന്നു. അതാണ് ശ്വാസോച്ഛ്വാസം നിലച്ചപോലെ തോന്നിയത്. ച്ഛേ–നാണക്കേട് വൈകുണ്ഠവാസികൾക്ക് സംശയം?!?

ലക്ഷ്മി: ക്ഷമിക്കണം ഭഗവാനേ. ഒരു തെറ്റുപറ്റിപ്പോയി. ഇനി ഏതായാലും പ്രശ്നപരിഹാരം കാണാം. കാര്യങ്ങൾ വഷളാവാതെ നോക്കണ്ടേ.

നാരദൻ: ശരിതന്നെ. നമുക്കു സാക്ഷാൽ പരമശിവന്റെയടുത്തേയ്ക്കുപോകാം. അദ്ദേഹംതന്നെ പരിഹരിക്കട്ടെ. എന്താ ഭഗവാനേ?

നാരായണൻ: ഗുഡ് ഐഡിയ– അങ്ങനെതന്നെ ചെയ്യാം.

നാരദൻ: ചലോ ചലോ കൈലാസ്.... ചലോ ചലോ കൈലാസ്.

(അണിയറയിൽ നാരായണ....നാരായണ എന്നു കേട്ട് മൂവരും അത്ഭുതസ്തബ്ധരായി പരസ്പരം നോക്കുന്നു.)

(നാരായണ എന്ന് പറഞ്ഞുകൊണ്ട് ബ്രഹ്മാവ് പ്രവേശിക്കുന്നു.)

ബ്രഹ്മാവ്: ശരണം....ശരണം....ജഗന്നിയന്താവായ ശ്രീമാൻ നാരായണൻ ശരണം. വൈകുണ്ഠവാസിയല്ലാതെ മറ്റു ശരണമില്ല. അടിയന്റെ ഈ ഗതികേട് എങ്ങിനെയെങ്കിലും ഭഗവാൻ മാറ്റിത്തരണം.



നാരായണൻ: സകലചരാചര സൃഷ്ടികർത്താവായ സാക്ഷാൽ ബ്രഹ്മമൂർത്തേ, അങ്ങേയ്ക്കെന്തു സംഭവിച്ചു? നമ്മുടെ പരിമിതമായ കഴിവുകളുപയോഗിച്ച് പരമാവധി പരിശ്രമിച്ചു. പറയൂ കേൾക്കട്ടെ.

ബ്രഹ്മാവ്: ഭഗവാനേ, അടിയൻ കഷ്ടസ്ഥിതിയിലാണ്. അടിയന്റെ പ്രവൃത്തിക്കു ഭംഗം നേരിട്ടിരിക്കുന്നു. അല്ലെങ്കിൽ, അടിയന്റെ പ്രവൃത്തിക്കു പ്രാധാന്യം നഷ്ടപ്പെട്ടിരിക്കുന്നു.

നാരായണൻ: കേൾക്കട്ടെ....മുഴുവൻ പറയൂ.

ബ്രഹ്മാവ്: അടിയന്റെ സൃഷ്ടികളായ ലോകജനത നമ്മെ ധിക്കരിച്ചിരിക്കുന്നു. അടിയനെ അവർക്ക് വേണ്ട. എന്റെ സഹായമില്ലാതെതന്നെ അവർ സൃഷ്ടികർമ്മം തുടങ്ങിയിരിക്കുന്നു. അടിയനു തൊഴിലില്ലാതെയായി.

(ലക്ഷ്മിയും നാരദനും മൂക്കത്തു വിരൽവച്ച് അന്ധാളിച്ച് നിൽക്കുന്നു.)

നാരദൻ: നാരായണ....നാരായണ. മനുഷ്യരും സൃ

ഷ്ടികർമ്മം തുടങ്ങിയോ? ബ്രഹ്മാവിനും തൊഴിലില്ലായ്മയോ?! ഓ....സ്വർല്ലോകത്തും തൊഴിലില്ലായ്മപ്രശ്നം. ഇനി എന്തൊക്കെയാണാവോ സംഭവിക്കാൻ പോകുന്നത്? നാരായണ....നാരായണ.

ലക്ഷ്മി: നാരദരേ, ഒച്ചവെയ്ക്കാതെ. ബ്രഹ്മവിന്റെപ്രശ്നംകേൾക്കാം. ബ്രഹ്മദേവാ ആ വിസ്തീകരം എങ്ങിനെയാണ് സൃഷ്ടികർമ്മം നടത്തുന്നത്?

ബ്രഹ്മാവ്: ഒന്നും പറയണ്ട ദേവീ.... ശാസ്ത്രമാണ്....ശാസ്ത്രം. പുതിയതരം സൃഷ്ടി തുടങ്ങിയിരിക്കുന്നു. നമുക്കവരെ അറിഞ്ഞുകൂടാ. 'കുഴൽശിശു' എന്നുകേട്ടിട്ടില്ലേ? കുഴൽശിശുവത്രേ.

(നാരായണനും, ലക്ഷ്മിയും, നാരദനും ഒരുമിച്ച്)
''കുഴൽശിശുവോ''

ബ്രഹ്മാവ്: ഓ....കുഴൽശിശു. കുഴലിൽ ശിശുവിനെ സൃഷ്ടിച്ച് വളർത്തുക. എന്തുപറയാൻ? നമ്മുടെ ആപ്പീസുപൂട്ടി, അല്ലാതെന്ത്?

നാരായണൻ: (നിസ്സഹായനായി) നാളീകസംഭവാ....പരബ്രഹ്മമൂർത്തേ....ഇക്കാര്യത്തിൽ നാം നിസ്സഹായർ. നമുക്ക് അവർ പണ്ടേ 'പിണ്ഡം'വച്ചു.

ബ്രഹ്മാവ്: അല്ലാ....അങ്ങേയ്ക്കും അവരുടെ ധിക്കാരം അനുഭവപ്പെട്ടോ?

നാരായണൻ: (വിളിച്ച ചിരിയോടെ) എന്തു ചെയ്യാം. എല്ലാവർക്കും വിധിയെഴുതുന്ന നമുക്കും അതേ



വിധിയുടെ പിടുത്ത് നുകരേണ്ടിവന്നു. തലയിലെഴുത്ത്. (ദീർഘനിശ്വാസം) ഓ....ഞങ്ങൾ കൈലാസത്തിലേക്ക് പോകാൻ തയ്യാറെടുത്തുനിൽക്കുകയായിരുന്നു. ഇനി ഒരുമിച്ചു പോകാം.

ലക്ഷ്മീദേവി: ശ്രീപാർവ്വതിയോട് ഞാൻ 'റക്കമെൻഡു' ചെയ്യാം.

നാരദൻ: എങ്കിൽ കൈലാസത്തിലേയ്ക്ക്, എന്താ ബ്രഹ്മദേവാ? കൈലാസധിപതി പരമശിവൻ ശരണം.

എല്ലാവരുംകൂടി: ശരണം ശരണം ശ്രീപരമേശൻ.

* * * * *

രംഗം രണ്ട്

[സ്ഥലം– കൈലാസം. ശ്രീപരമേശ്വരൻ പാർവ്വതിയോടൊത്ത് ഇരിക്കുന്നു. എന്തോ കാര്യമായി സംസാരിക്കുകയാണെന്ന് കണ്ടാലറിയാം.]

പരമശിവൻ: വൈകുണ്ഠനാഥൻ നാരായണൻ വിചാരിച്ചാൽ നമ്മുടെകാര്യം ശരിയാവും അല്ലേ പ്രിയേ? വേണമെങ്കിലാ ബ്രഹ്മദേവനേയും കാണാം. ഞങ്ങൾ മൂന്നുപേരും ചേർന്നാൽ മറ്റൊരു ശക്തിയില്ലല്ലോ. എന്താ ദേവിയുടെ അഭിപ്രായം?

പാർവ്വതി: ഭഗവാന്റെ ഇഷ്ടംപോലെ. അപ്പോൾ നമുക്കെപ്പോഴാണ് പുറപ്പെടേണ്ടത്.

പരമശിവൻ: കുറച്ചുകൂടി കഴിയട്ടെ. ഇവിടത്തെ കാര്യങ്ങൾ നന്ദികേശനെ ഏല്പിച്ചിട്ടു വേണം.
(കുറച്ചുനേരം ആലോചിച്ച്) എങ്കിലും ആ കൃമികളുടെധൈര്യം കുറെയേറെ കൂന്നുപോയി. സംഹാരരുദ്രനായ നമ്മെ പോലെ സംഹരിക്കുംപോൽ. അതു ശക്തിയുണ്ട് അവരുടെ ആ ഉണ്ടകൾക്ക്. ബോംബത്രേ ബോംബ്. എന്തു പണ്ടാരമാണാവോ!
(പല്ലുകടിച്ച് ദേഷ്യത്തോടെ) വൈകുണ്ഠേശനോട് ചോദിച്ചിട്ടുവേണം അവറ്റകൾക്ക് തക്കഫലം നേരിട്ട് കാണിച്ചുകൊടുക്കാൻ.

(അണിയറയിൽ ശിവായ നമ: ഓം....ശിവായ നമ: ഓം എന്നു കേൾക്കുന്നു.) അല്ലാ....നാരദൻ വരുന്നതെന്നുതോന്നുന്നു. എങ്കിൽ എളുപ്പമുണ്ട് കാര്യങ്ങൾക്ക്.

പാർവ്വതി: നാരദൻതന്നെ സംശയമില്ല. ഒച്ച കേട്ടാലറിയാം. ഒരു.... കൂടെ ഭഗവാൻ നാരായണനും ബ്രഹ്മദേവനുമുണ്ടല്ലോ. അല്ലാ.... ലക്ഷ്മീദേവിയും പോന്നിട്ടുണ്ട്. തേടിയവള്ളി കാലിൽതന്നെ ചുറ്റി.

(രണ്ടുപേരും എഴുന്നേറ്റുചെന്ന്)
വണക്കം മൂർത്തികളേ, വണക്കം.

പരമശിവൻ: ഭഗവാൻ എന്താണാവോ വിശേഷിച്ച്? നാരദരേ എന്താണ് വിശേഷം? ബ്രഹ്മദേവാ കണ്ടിട്ട് കുറേക്കാലമായല്ലോ ഞാൻ അങ്ങോട്ട് വരാനിരുന്നതാ, നിങ്ങളെയൊക്കെ കാണാൻ.

പാർവ്വതി: വന്നപാടേ നിൽക്കുകയാണോ. വരൂ ഇരിക്കാം. (ലക്ഷ്മീദേവിയുടെ അടുത്തുചെന്ന്) എന്തുണ്ട്ദേവീ വിശേഷങ്ങൾ? (സാരി പിടിച്ചുനോക്കുന്നു) സാരി വളരെ നന്നായിട്ടുണ്ട് കേട്ടോ. കുറേയൊ സംസാരിക്കാനുണ്ട്. അകത്തേയ്ക്കുപോകാം, വരൂ.

(അവർ അകത്തുപോകുന്നു.)

നാരായണൻ: ഞങ്ങൾ അങ്ങയെകാണാൻ വന്നതാണ്. ഒരു അടിയന്തിര പ്രശ്നമുണ്ട്. അതായത് നമ്മുടെ ശക്തി ക്ഷയിച്ചുവോ എന്നൊരു സംശയം. അവർക്ക്—ആ ഭൂനിവാസികൾക്ക് നമ്മളെ വേണ്ട. നാം മരിച്ചു എന്നവരെ അവർ അലമുറയിടുന്നു. ശ

പ്പിക്കാൻ. (ബ്രഹ്മദേവനെ ചൂണ്ടി) ദേ.... ഇദ്ദേഹത്തിനുണ്ട് ഒരു സങ്കടമുണർത്താൻ. അദ്ദേഹത്തിനിപ്പോൾ തൊഴിലില്ലാതെയായി. കരുണയുണ്ടായിട്ട് എങ്ങിനെയെങ്കിലും ഞങ്ങളുടെ ഹരജി സ്വീകരിക്കണം. (ബ്രഹ്മാവും തൊഴുന്നു.)

പരമശിവൻ: നാരായണ.... എനിക്കാകെ തലചുററുന്നപോലെ. അഹങ്കാരം അല്ലാതെന്തുപറയാൻ. ഞാൻ ആ വിഷബീജങ്ങളെ നശിപ്പിക്കുവാൻ അങ്ങയോട് ചോദിക്കുവാനിരിക്കുകയായിരുന്നു. ഹും എന്തൊരഹങ്കാരം! എന്നെയും ഭീഷണിപ്പെടുത്തിയിരിക്കുന്നു, സംഹരിച്ചുകളയുമെന്ന്!. ആ ചന്ദ്രന്റെ ഒരു മൂലയിൽ കാലുകുത്തിയെന്നുംപറഞ്ഞ് സ്വർല്ലോകംമുഴുവൻ കീഴടക്കാമെന്നായിരിക്കും! (മുകളിലേയ്ക്ക് കൈചൂണ്ടി) സ്പൂമാക്കികളെയും എല്ലാത്തിനേയും, അടങ്ങിയിരുന്നില്ലെങ്കിൽ.

നാരദൻ: അരുതരുത്. അവിവേകം അരുത്. അവന്മാരുടെ കൈയിൽ പല യന്ത്രങ്ങളും ഉണ്ട്. ഒരു ബട്ടണമർത്തിയാൽ നമ്മളെല്ലാം–'ഠും'–ചാരം.

ബ്രഹ്മാവ്: നാരായണാ, പരമേശ്വരാ ഇനി ഒരൊററ വഴിയേ ഉള്ളൂ എന്നെനിക്കു തോന്നുന്നു. ഒരേയൊരു പോംവഴി. ധർമ്മരാജാവുതന്നെ ഈ അധർമ്മത്തെ നേരിടട്ടെ. എന്താ നാരദരേ?

നാരദൻ: ഉഗ്രൻ ഐഡിയാ. യമധർമ്മൻ കണ്ണുരുട്ടിയാൽ ലോകം കിടുകിടെ വിറയ്ക്കും.

നാരായണൻ: ശരി. എന്നാലുടനെ പുറപ്പെടാം. പരമേശ്വരൻ പോയി ദേവിമാരോട് പറഞ്ഞിട്ടു വരൂ. അവരിവിടെ ഇരിക്കട്ടെ.

(പരമശിവൻ മുമ്പിലും മററുള്ളവർ പുറകിലുമായി പോകുന്നു.)

* * * * *

രംഗം മൂന്ന്

(സ്ഥലം–യമപുരി. യമധർമ്മൻ അനുയായികളോട് സംസാരിച്ചിരിക്കുന്നു.)

യമൻ: നിങ്ങളെന്താണ് കൈയുംവീശി വന്നത്? ആ മനുഷ്യന്റെ ജീവിതസമയം കഴിഞ്ഞിരിക്കുന്നു. നമ്മുടെ കണക്കുപ്രകാരം അവനിനി ഒരു നിമിഷം ജീവിതമില്ല. പറയൂ; എന്തുണ്ടായി? പറഞ്ഞില്ലെങ്കിൽ നിങ്ങളെ നാം ജോലിയിൽനിന്നു പിരിച്ചുവിടും. ഉം! വേഗമാവട്ടെ.

ഒന്നാമനുയായി: രാജാവു ക്ഷമിക്കണം. ഞങ്ങൾ അവനെ ബന്ധിച്ചുകഴിഞ്ഞതാണ്.... പക്ഷേ, അപ്പോഴേക്കും മററാരോ കത്തികയും മററുമായി വന്ന് അവന് ഒരു 'പുതിയ ഹൃദയം' വച്ചുകൊടുത്തു. ഉടൻ തന്നെ അവൻ ഞങ്ങളുടെ ബന്ധനങ്ങൾ വകവയ്ക്കാതെ എഴുന്നേററുപോയി. നാലഞ്ചുപേർ ഞങ്ങളെ അടിച്ചോടിച്ചു.

രണ്ടാമനുയായി: രാജാ ക്ഷമിക്കണം. ഞങ്ങളോടിനി ഭൂമിയിൽ പോകാൻ ദയവുചെയ്തു പറയരുത്. പോയാൽ അവന്മാർ ഞങ്ങളെ കശാപ്പുചെയ്തുകളയും. വേണ്ടിവന്നാൽ അങ്ങയേയും വകവരുത്തുമെന്നാ പറയുന്നത്.

യമൻ: എന്ത്?!? നമ്മെയും വകവരുത്തുമെന്നോ? അത്രയ്ക്കായോ? എങ്കിലിപ്പോൾതന്നെ കണ്ടുകളയാം. (ഗദയുമായി ചാടിയെഴുന്നേല്ക്കുന്നു)

(പരമശിവനും കൂട്ടരും എത്തിക്കഴിഞ്ഞു)

പരമശിവൻ: അടങ്ങുരാജാവേ, അടങ്ങ്. ഞങ്ങളെല്ലാ വർത്തമാനവും കേട്ടു. ചൂടായിട്ട് കാര്യമൊന്നുമില്ല. അനുയായികൾ പറഞ്ഞത് ശരിയാണ്. മനുഷ്യൻ നമ്മളെക്കാൾ ശക്തനായിക്കഴിഞ്ഞു. ഞങ്ങളും അവരെപ്പേടിച്ച് അങ്ങയെക്കാണാൻ വന്നതാണ്. ഇവിടെയും തഥൈവ.

യമൻ: ത്രിമൂർത്തികളും അവതാളത്തിലോ? 'കലികാലവൈഭവം'. ഇനി എന്ത്?

നാരദൻ: ഒരു രക്ഷയുമില്ല. ഒളിച്ചോടുകയേ രക്ഷയുള്ളൂ. സ്വർഗ്ഗരാജ്യാക്രമണം അടുത്തഭാവിയിൽ ഉണ്ടാകും. അതിനുമുമ്പ് രക്ഷപ്പെടാം.

നാരായണൻ: ഛേ്ഛ....അത് മോശമാണ്. കുറച്ചുകാലം അടങ്ങിയൊതുങ്ങിക്കഴിയാം. എന്നാലവന്മാർ നമ്മെ മറന്നുകൊള്ളും. അവരുടെ കാര്യങ്ങളിലിടപെടാതെ, സ്വജീവൻ നോക്കിക്കഴിച്ചുകൂട്ടാം. അതേയുള്ളൂ ഇനിയൊരു രക്ഷ.

ബ്രഹ്മാവ്: അപ്പോൾ വയററിപ്പെഴപ്പോ?!? ഭഗവാനേ പട്ടിണിയാകല്ലേ!

പരമേശ്വരൻ: വേറെ രക്ഷയൊന്നുമില്ല ബ്രഹ്മദേവാ. ദേവേന്ദ്രന്റെയടുക്കൽ ഗ്രാന്റ് ചോദിക്കാം. വയററിപ്പിഴപ്പ് കഴിഞ്ഞുപോകും. പിന്നെ....കുറച്ചുകാലം കഴിഞ്ഞാൽ മനുഷ്യർക്ക് ബോധമുദിക്കും. അപ്പോളവർ നമ്മെ അന്വേഷിച്ചിങ്ങോട്ടുവരും. പിന്നെ പഴയപോലെ.

യമൻ: അപ്പോൾ നമ്മൾ രാജിവയ്ക്കുകയോ?!? വേറെ വഴിയില്ലേ?!

നാരായണൻ: അല്ലാതെയൊന്നും എനിക്ക് തോന്നുന്നില്ല. എല്ലാവർക്കും രാജിവയ്ക്കാം. മനുഷ്യർ ഒരു പാഠം പഠിക്കട്ടെ. ദേവേന്ദ്രസന്നിധിയിൽപ്പോയി നമുക്കെല്ലാവർക്കും ഒരു 'കൂട്ടരാജി' സമർപ്പിക്കാം. മനുഷ്യരെപ്പററി അറിഞ്ഞിട്ടുണ്ടെങ്കിൽ അദ്ദേഹം നമ്മെക്കാൾ മുമ്പ് രാജിവച്ചൊഴിയും. അതിനുമുമ്പ് ചെല്ലാം. (തിരിഞ്ഞ് നാരദനോട്) നാരദാ, ഞങ്ങൾ പോകുന്നു. വരുന്നുണ്ടെങ്കിൽ കൂടെ വരാം.

നാരദൻ: ഞാൻ പുറകെ വന്നുകൊള്ളാം.

(നാരദനൊഴിച്ച് എല്ലാവരും പോകുന്നു)

നാരദൻ: (സ്വഗതം) ഇന്ദ്രദേവന്റെയടുത്തുചെന്നിട്ട് എന്ത് പ്രയോജനം? ഭൂമിയിലേയ്ക്കുതന്നെ വേഷം മാറിപ്പോകാം. തന്റെ തൊഴിലിനു അവിടെയും സൗകര്യമുണ്ടല്ലോ? തൽക്കാലം മനുഷ്യൻതന്നെ ദൈവം!

(പോകുന്നു)

കർട്ടൻ

# IN THE NEWS



SACRED HEART WINS MAHARAJA'S CENTENARY TROPHY

Our basket-ball team added yet another feather to its Cap. They won the Maharaja's Centenary Trophy. K. A. Rahim received the shield at a colourful function which marked the end of celebrations



A FORM OF ART

Anyone with a penchant fot art can see the delicacy and patience with which Vijayakumar of III B. Sc. has created the dancing girl. Postage stamps of various types have been carefully cut to size and shape and dexterously fitted together to compose this unique work of art.



## SERVICE IS HIS MOTTO

His shop is not a part of college,
yet it is a part of college.
This is the place where students and staff entrust their boxes (both full and empty).
He plays an important role in the Bus service to Thevara.
Without his 'Yes Bus' no bus passes the college. He is none other than Mr. Bhatt.



## PREM WINS GOLD MEDAL

Prem Reubens won the President's Gold Medal for Best Ship Modelling at the Republic Day Celebrations at Delhi. In the Picture he is seen receiving the Medal from Prof. Nurul Hussain.

# വെളിച്ചം വീണ പാത

## ഗോപിനാഥൻ

ഒരു കവല. നാലു വശത്തേയ്ക്കും നാലുവഴികൾ. ഞാൻ തെല്ലൊന്നു സംശയിച്ചുനിന്നു. സംശയം തീർക്കുവാൻവേണ്ടി ഞാൻ ഒന്നുകൂടി ഓർത്തുനോക്കി: നാലു നിറങ്ങളുള്ള നാലുപാതകളിൽ ഏതാണ് എനിയ്ക്കുവേണ്ടിയുള്ളത്? ഓർമ്മയില്ല. ഏതായാലും ചുവന്ന പാതയല്ല. പിന്നെ, വെളുത്ത പാതയാണോ? അതുമല്ല.

പിന്നെയേതാണ്?

ഞാൻ ഇഷ്ടപ്പെട്ടിരുന്ന പാതയാണ് എനിയ്ക്കാവശ്യം. അതെവിടെ?

ആരും എന്റെ ചോദ്യം കേട്ടില്ല. അഥവാ, കേട്ടതായി ഭാവിച്ചില്ല.

പക്ഷേ, ഞാൻ തളർന്നില്ല.

'ദയവായി നല്ലൊരുപാത എനിയ്ക്കു പറഞ്ഞു തരൂ!'

പലരും എന്റെ ചോദ്യം കേട്ട് തിരിഞ്ഞു നോക്കിപ്പോകുന്നതു കണ്ടു.

'നിങ്ങൾ എന്തിനാണ് എന്നെ ഇങ്ങനെ നോക്കുന്നത്?'

എണ്ണമയമില്ലാത്ത തലമുടി കൈകൊണ്ടൊതുക്കി, ചുവന്നുതുടുത്ത കീഴ്ചുണ്ടുനനച്ച ശബ്ദത്തെ ദ്ദുലമാക്കി സാവധാനം മുന്നോട്ടു കയറിവന്നപ്പോൾ ഞാനാകെ അന്തംവിട്ടുപോയി.

ചുട്ടുപൊള്ളുന്ന വെയിലത്തുനിന്നു ഞാൻ വിയർത്തു. എന്നെ ഒരു വിഡ്ഢിയാക്കുന്നതുപോലുള്ള ചിരിയാൽ നൊറിചുളിച്ച് മുഖം കനിച്ച് ചുവന്ന മണ്ണിലേയ്ക്കു മിഴികളൂന്നിനിന്നു.



'ബാബൂ!' നേർമ്മയേറിയ സംബോധന കേട്ടപ്പോൾ തലയുയർത്തിനോക്കി.

എന്റെ കഥയിലെ നായിക!

എനിയ്ക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല.

'ഹേമ എന്നെ വിളിച്ചു അല്ലേ?'

എന്റെ സംസാരത്തിൽ എന്തോ പാകപ്പിഴകളുള്ളതുപോലെ തോന്നി.

'വിളിച്ചു. എന്താ ബാബുവിന് ഇത്ര സംഭ്രമം?'

സംഭ്രമം മാററിക്കളയുവാൻ ശ്രമിച്ചുകൊണ്ട് ഞാൻ മറൊരു ദിക്കിലേയ്ക്കുനോക്കി. വടക്കുവശത്തായി സ്ഥാപിച്ചിരിക്കുന്ന പൈപ്പിന്റെ ചുവട്ടിൽ ഒത്തിരി ആളുകൾ കൂടിനിൽക്കുന്നതു കണ്ടപ്പോൾ അതെന്താണെന്നു ചോദിക്കണമെന്നുതോന്നി.

'ഹേമേ, അവിടെ എന്താ ഇത്ര തിരക്ക്?'

'നിങ്ങൾ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം അറിഞ്ഞില്ലല്ലോ. ആദ്യം അതറിയുക. ഇന്ന് നിങ്ങളെപ്പോലെയാണ് എല്ലാം മനുഷ്യരും. എല്ലാവർക്കും ചോദ്യം ചോദിക്കണം. വ്യക്തമായ ഉത്തരം ആർക്കും ആവശ്യമില്ല.'

'എന്റെ കാര്യം ഞാൻതന്നെ സമ്മതിച്ചു.'

'എന്നാൽ പറഞ്ഞുതരാം.'

കാൽച്ചുവട്ടിൽക്കിടന്ന ഒരു ഉണക്കക്കൊമ്പിനെ കാൽകൊണ്ടു തട്ടി ദ്ദൂരെയെറിഞ്ഞപ്പോൾ അതു വീണ സ്ഥലത്തേയ്ക്കു ദൃഷ്ടിയൂന്നി നിൽക്കു

ന്ന അവൾ എന്തോ ആലോചിക്കുകയാണെന്ന് പിന്നീടാണ് മനസ്സിലായത്.

'എല്ലാം ഓർക്കുന്നു. നിങ്ങൾക്കു വേണ്ടത് നല്ലൊരു പാതയല്ലേ?' അവൾ ചോദിച്ചു.

'അതേ.'

'ഈ നാലു പാതകളിൽ ഒന്നു തെരഞ്ഞെടുക്കുക!'

എന്നെ അവൾ ഒരു പരമവിഡ്ഢിയാക്കിത്തീർത്തു.

ഒരു നിമിഷം കഴിഞ്ഞപ്പോൾ അവൾ പറയുന്നതുകേട്ടു: 'നിങ്ങൾ പാത തെരഞ്ഞെടുത്തോ?'

'ഇല്ല. ഞാൻ ആരെയും അനുസരിക്കാറില്ല. പിന്നെയാണോ നിങ്ങളെ!'

'ഇവിടെ ആരും ആരെയും നിർബ്ബന്ധിക്കാറില്ലല്ലൊ.'

'ശരിയാണ്. ഇവിടെ എനിക്കുവേണ്ടത്—'

'ഒരു പാത അല്ലേ? നിങ്ങൾ എന്റെകൂടെ പോരൂ.'

അവൾ എന്റെ വലതുവശത്തുവന്നുനിന്ന് വടക്കോട്ട് വിരൽ ചൂണ്ടിക്കൊണ്ടുപറഞ്ഞു: 'അതാണ് നമ്മുടെ പാത.'

ഞങ്ങൾ ആ പാതയിലൂടെ നടക്കാൻ തുടങ്ങി.

ഇലകളുടെ നിറംമങ്ങിയ കൊവൃക്ഷങ്ങൾ പാതയുടെ ഇരുവശവും നിന്നിരുന്നു. കടും നിറമുള്ള പൂക്കളുണ്ടാകുന്ന ചെടികൾ നട്ടുവളർത്തുന്ന ഒന്നോരണ്ടു വീടുകൾ ഞങ്ങൾ കണ്ടു. ഞാൻ മറന്നുപോയ അതേ പാത.

അന്ന് ഇവിടം വിജനമായിരുന്നു. കുറുക്കൻപോലും പാർക്കാത്ത സ്ഥലം. ഇതിന്റെ മുഖച്ഛായ മാററിയെഴുതിയത് പുതുതായി വന്ന കോളേജും അറിവുതേടിവന്ന ഞങ്ങളുമായിരുന്നു.

എല്ലാ കുറുക്കുവഴികളും ഞങ്ങൾക്കറിയാമായിരുന്നു.

ഞങ്ങൾ രണ്ടുപേർവീതം പിരിഞ്ഞു. ഓരോ ട്രൂപ്പും ഓരോ ലക്ഷ്യത്തിന്നായി ഓരോ സ്ഥലമന്വേഷിച്ചു.

അന്ന് ഞാൻ ഒററയ്ക്കായിരുന്നു. നിരാശാബോധത്തോടെ ഒരാളെ തേടിനടന്നു. കാലം എനിക്കുവേണ്ടി കാത്തിരുന്നില്ല.

അപ്പോഴേയ്ക്കും ഞാൻ അറിവു നേടിയോ എന്നറിയാനുള്ള പരീക്ഷണങ്ങളുടെ കാലമായി.

എല്ലാവരെയുംപോലെ ഞാനും



ഹാജരായി. എല്ലാവരെയുംപോലെ ഞാനും വിയർത്തു.

എങ്കിലും, പലതും തോററപ്പോൾ ഞാൻ ജയിച്ചു.

ആയിടെയാണ് എന്റെ ബോധമുണർന്നത്. ഭീഷണികളും മുദ്രാവാക്യങ്ങളും മുഴങ്ങിത്തുടങ്ങിയപ്പോൾ ഞാൻ തടിതപ്പുവാൻ തീർച്ചയാക്കി.

പഴയ ഓർമ്മകളെ മനസ്സിൽനിന്നു മായ്ച്ചുകളഞ്ഞുകൊണ്ട് ഹേമയോട് ചോദിച്ചു:

'അന്ന് ഹേമ ആത്മഹത്യചെയ്തില്ല—അല്ലേ?'

അവൾ കരയുവാൻ തുടങ്ങി.

'ഇല്ല. എനിക്കറിയാമായിരുന്നു എന്നെങ്കിലും തിരിച്ചുവരുമെന്ന്.' അവൾ പഴയ ഓർമ്മകളിലെ വേദന കടിച്ചമർത്തിക്കൊണ്ട് പറഞ്ഞപ്പോൾ അവളുടെ മധുരിക്കുന്ന പഴയമുഖം ഓർമ്മിച്ചുപോയി. അവൾ എല്ലാം മറന്നുവെന്ന് ബോദ്ധ്യമായി.

'എന്നെ സ്വീകരിക്കാനാണോ ഹേമ ഇവിടെ എത്തിയത്?'

'അല്ല. എനിക്ക് ഇവിടം മറക്കാൻ സാദ്ധ്യമല്ല. പുരുഷന്മാരുടെ ഹൃദയമായിരുന്നു സ്ത്രീകൾക്കും വേണ്ടിയിരുന്നത്.'

തെളിച്ചം മങ്ങിയ മുഖത്തേയ്ക്കു നോക്കിയപ്പോൾ എന്നിലെന്തോ കുറവുണ്ടെന്നു ബോദ്ധ്യമായി.

അവളോട് മാപ്പിരക്കുവാൻ ഞാൻ തയ്യാറല്ല. അവൾ എന്നെ ഭർത്താവായി അംഗീകരിച്ചിരുന്നു.

'ഹേമയ്ക്ക് എന്നെ വിശ്വസിക്കാൻ കഴിയുന്നോ?'

'തീർച്ചയായും. അന്നും നിങ്ങൾ എന്നെ ഓരോന്നുപറഞ്ഞു സംശയിച്ചിരുന്നില്ലേ?'

'എല്ലാം മറക്കൂ ഹേമേ! അന്ന് എനിക്കു ലക്ഷ്യം ഉണ്ടായിരുന്നെങ്കിൽ ഇതുപോലെ സംഭവിക്കുമായിരുന്നില്ല.'

'അന്നും നമ്മൾക്ക കഷ്ടപ്പാടുകളുണ്ടായിരുന്നു, കാരണം, വലിയ മനക്കോട്ടകൾ നാം കെട്ടിപ്പടുത്തിരുന്നു.'

'പുതിയ തലമുറയോടു നമുക്കുള്ള കടപ്പാടുകൾ എങ്ങനെ നിറവേററണമെന്ന് ഹേമ പറയൂ.'

'ഞാൻ കാട്ടുന്ന പാത മനസ്സിലായില്ലേ?'

അവൾ ഭാവംമാററി എന്നെ തുറിച്ചുനോക്കി.

'എന്റെ പാത. നിന്റെയും എന്റെയും പ്രതീക്ഷയായിരുന്ന ഈ പാത—അല്ലേ ഹേമേ?'

പടിഞ്ഞാറ് സൂര്യൻ അസ്തമിച്ചു. കിഴക്കേ കോണിൽ അമ്പിളി വിടർന്നപ്പോൾ ഞങ്ങൾ വെളിച്ചത്തിലായിത്തീർന്നു. ▷

# ക്വാളിഫിക്കേഷൻ

വർഗീസ്

ആ മനുഷ്യ മഹാസമുദ്രത്തിന്റെ നടുവിൽനിന്നു കണ്ണുമിഴിച്ചു. ഒരു എൽ. ഡി. ക്ലാർക്കിന്റെ ജോലിക്ക് ഇത്രയധികം അപേക്ഷകരോ? അയാൾ അമ്പരന്നു. അയാൾ ആകെ അസ്വസ്ഥനായി.

'ഹാ, എന്തൊരു ചൂട്' അയാൾ പിറുപിറുത്തു. സർട്ടിഫിക്കറ്റുകൾ അടങ്ങിയ ഫയലുകൊണ്ട് അയാൾ വീശാൻ തുടങ്ങി. നെററിത്തടത്തിൽനിന്നുതിർന്ന വിയർപ്പുതുള്ളികൾ നീല ടെറിക്കോട്ടൻ ഷർട്ടിൽ ചെറിയ വൃത്തങ്ങൾസൃഷ്ടിച്ചു. ആ വൃത്തങ്ങൾ വലുതാകുന്നതുനോക്കി അയാൾനിന്നു. അയാളുടെ സ്മൃതിപഥത്തിലൂടെ ഭൂതകാലസ്മരണകളുടെ ഒരു ചലച്ചിത്രപ്രദർശനം നടക്കുകയായിരുന്നു.

സാമാന്യം സാമ്പത്തികശേഷിയുള്ള ഒരു കുടുംബത്തിലെ അംഗമാണ് അയാൾ. എസ്സ്. എസ്സ്. എൽ. സി. രണ്ടുപ്രാവശ്യവും പ്രീഡിഗ്രി മൂന്നു പ്രാവശ്യവും ഡിഗ്രി പരീക്ഷ കുറെയധികം പ്രാവശ്യവും എഴുതി എക്സ്പീരിയൻസ് നേടാൻ അയാൾക്കുകഴിഞ്ഞു. ബി. എ. പരീക്ഷ അവസാനത്തെ പ്രാവശ്യം എഴുതി ഫലം പുറത്തുവന്നപ്പോൾ അയാൾക്കുണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു.

പിന്നീട് അയാൾ നാലുപാടും അപേക്ഷകൾ അയച്ചുതുടങ്ങി. അപേക്ഷകളിലെല്ലാം ശമ്പളമുള്ള ഓഫീസർ പോസ്റ്റുകൾ മാത്രമേ അയാൾക്ക് അന്നൊക്കെ നോട്ടമുണ്ടായിരുന്നുള്ളു.

അപേക്ഷകൾ തുരുതുരാ അയച്ചിട്ടും ഒന്നിനും പോലും മറുപടിവന്നില്ല. അയാൾക്ക് ദേഷ്യംവന്നു: 'ഞാനൊരു ഗ്രാജ്വേറ്റാണെന്നകാര്യം ഇവർ അറിഞ്ഞില്ലേ—തെമ്മാടികൾ' അയാൾ പല്ലുകടിച്ചു.

എങ്കിലും അയാൾ പിന്നെയും ആപ്ലിക്കേഷൻ അയച്ചുകൊണ്ടിരുന്നു. പോസ്റ്റാഫീസിൽ കൊടുക്കാൻ പണമുണ്ടായിരുന്നതുകൊണ്ട് ബുദ്ധിമുട്ടറിഞ്ഞില്ല.

ആയിടയ്ക്കാണ് അടുത്തൊരു ഫാക്ടറിയിൽ എൽ. ഡി. ക്ലാർക്കുമാരെ തെരഞ്ഞെടുക്കുന്നുണ്ടെന്ന വാർത്ത അയാൾ കേട്ടത്.

'അപേക്ഷ അയയ്ക്കണോ? ച്ഛേ—മോശം. വെറും എസ്സ്. എസ്സ്. എൽ. സിക്കാരൻ മതിയാവുന്ന ഈ ജോലി എനിക്കെന്തിന്?' ഇങ്ങനെയൊക്കെ ചിന്തിച്ചു.

പക്ഷേ, ഇതുവരെ അയച്ച അപേക്ഷകൾക്കൊന്നും മറുപടി വരാഞ്ഞതിനാലല്ല ഈ പോസ്റ്റിന് അപേക്ഷ അയയ്ക്കുകതന്നെഎന്ന് അയാളുറച്ചു. ഈ ജോലി തന്റെ നിലയ്ക്ക് മോശമാണെങ്കിലും.

മാസങ്ങൾക്കുശേഷം ഇൻറർവ്യൂകാർഡ് കിട്ടിയപ്പോൾ മനസ്സിൽ എന്തെന്നില്ലാത്ത സന്തോഷംതോന്നി. ആദ്യത്തെ ഇൻറർവ്യൂകാർഡല്ലേ? എങ്ങനെ സന്തോഷം തോന്നാതിരിക്കും?

അടുത്തുനിന്ന ആരോ വിളിക്കുന്നതുകേട്ടാണ് ചിന്തയിൽനിന്നുണർന്നത്. 'സ്നേഹിതാ, രജിസ്റ്റർ നമ്പർ എത്രയാ?' അയാൾ തിരിഞ്ഞുനോക്കി. കറുത്തുമെല്ലിച്ച ഒരു യുവാവ്. 'ഒരു പേഴ്സണാലിററിയുമില്ലാത്ത ഇവനൊക്കെ ആരു ജോലികൊടുക്കാനാ'— അയാൾ മനസ്സിൽ കരുതി.

'എന്താണ് നിങ്ങളുടെ ക്വാളിഫിക്കേഷൻ?' അല്പം ഘനത്തിൽ ചോദിച്ചു.

'എം. എ. ഫസ്റ്റ്ക്ലാസ്സ്' അയാൾ പറഞ്ഞു. 'ഇതിനുമുമ്പ് ജോലിയൊന്നും അന്വേഷിച്ചില്ലേ?' അയാളുടെ ശബ്ദം പതറുന്നുണ്ടായിരുന്നു.

'അന്വേഷിച്ചില്ല എന്നോ? ജോലി അന്വേഷിച്ചു കയറിയിറങ്ങാത്ത ഒരു സ്ഥലവുമില്ല. വീടിരിക്കുന്ന സ്ഥലം പണയപ്പെടുത്തിയാണ് അച്ഛൻ എന്നെ പഠിപ്പിച്ചത്. എനിക്ക് ജോലികിട്ടിയിട്ട് പണയം ഒഴിപ്പിക്കാമെന്നാണ് അച്ഛൻ കരുതിയത്. എന്നാൽ ഞാൻ പാസായിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും ജോലിയൊന്നും ആയിട്ടില്ല. ഇതൊന്നും കാണാനിടവരാതെ അമ്മ നേരത്തെ മരിച്ചുപോയി. അച്ഛൻ ഇന്ന് രോഗിയാണ്. വിവാഹപ്രായമെത്തിയ ഒരു സഹോദരിയും വീട്ടിലുണ്ട്.'

കറുത്തുമെല്ലിച്ച ആ യുവാവു തുടർന്നു: 'ഈ ജോലിയും കിട്ടുമെന്ന് എനിക്കു പ്രതീക്ഷയില്ല. എങ്കിലും ഒന്നു പരീക്ഷിച്ചുകളയാം എന്നു കരുതി. ഒരു ദിവസത്തെ ചുമട്ടുപണികളഞ്ഞാണ് ഞാൻ ഇവിടെ വന്നത്.'

'ങേ! നിങ്ങൾക്ക് ഈ ജോലി കിട്ടുകയില്ലെന്നോ? നിങ്ങൾക്ക് എം. എ. ഫസ്റ്റ് ക്ലാസ്സില്ലേ?' അയാൾ അത്ഭുതപ്പെട്ടു.

'ആർക്കുവേണം ഇതൊക്കെ? ഇവർക്കൊക്കെ ആവശ്യം ബിരുദമൊന്നുമല്ല. സ്വാധീനം ചെലുത്താൻ ആളും കൈക്കൂലി കൊടുക്കാൻ പണവുമുണ്ടെങ്കിൽ ജോലിയായി. ജോലിക്കുവേണ്ടിയുള്ള ഈ അലച്ചിൽ നിർത്തണമെന്ന് ഞാൻ എന്നേ ആഗ്രഹിക്കുന്നു. കുടുംബത്തെയോർത്ത് ഞാൻ ഇതിനൊക്കെ വരുന്നുവെന്നേയുള്ളു. ചുമട്ടുപണികൊണ്ട് കഷ്ടിച്ച് കഴിഞ്ഞുകൂടാൻ ഞാൻ പഠിച്ചുകഴിഞ്ഞു.' അയാൾ പറഞ്ഞുനിർത്തി. എന്നിട്ടുചോദിച്ചു: 'എന്താ, താങ്കളുടെ ക്വാളിഫിക്കേഷൻ?'

അയാൾ പരുങ്ങി: 'ഹേയ്, ഞാൻ ഇൻറർവ്യൂവിന് വന്നതല്ല. ഞാൻ....ഇവിടെ....ഒരു സ്നേഹിതനെ കാണാൻ വന്നതാണ്. എന്നാൽ ശരി ഞാൻ പോകട്ടെ'— അയാൾ തിരിഞ്ഞുനടന്നു.

പൊതുജനവും മോട്ടോർവാഹനങ്ങളും ഒന്നിച്ചൊഴുകുന്ന തെരുവിലിറങ്ങി അയാളുംനടന്നു. 'ഇല്ല, എന്റെ ക്വാളിഫിക്കേഷന് ഈ ജോലി പററില്ല'— അയാൾ പുതിയൊരു തീരുമാനം കൈക്കൊള്ളുകയായിരുന്നു.

# ഐക്കഫ്



പ്രസിഡന്റ് — ജോസഫ് ജോയ്

ആൾ ഇൻഡ്യാ കാത്തലിക് യൂണിവേർസിറ്റി ഫെഡറേഷൻ (AICUF) ഭാരതത്തിലെമ്പാടും പടർന്നുപന്തലിച്ച ഒരു വിദ്യാർത്ഥി പ്രസ്ഥാനമാണ്. ധാർമ്മികമൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന സത്യാന്വേഷികളും നിസ്വാർത്ഥരും, സമർപ്പിതരുമായ വിദ്യാർത്ഥികളെ വളർത്തിയെടുക്കുവാനാണ് ഐക്കഫ് പരിശ്രമിക്കുന്നത്. വ്യക്തിയുടെ ആദ്ധ്യാത്മികവും മാനസികവുമായ പൂർണ്ണ വികാസമാണ് ഐക്കഫിന്റെ ലക്ഷ്യം.

തേവര സേക്രഡ് ഹാർട്ട് കോളേജിലെ ഐക്കഫ് യൂണിറ്റിന്റെ 1976_'77 ലെ പ്രവർത്തനങ്ങളും ഈ ലക്ഷ്യംവച്ചുകൊണ്ടുള്ളവയായിരുന്നു. വ്യക്തിത്വവികസനപ്രവർത്തനങ്ങൾക്കും, സാമൂഹ്യസേവനസംരംഭങ്ങൾക്കും തുല്യപ്രാധാന്യം നല്കിക്കൊണ്ടാണ് ഈ വർഷത്തെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടത്.

വേദനിപ്പിക്കുന്ന രണ്ട് വേർപാടുകളുണ്ട് ഈവർഷം ആദ്യംതന്നെ ഐക്കഫ് യൂണിറ്റിനെ സ്വാഗതംചെയ്തത്. കഴിഞ്ഞ മൂന്നുവർഷങ്ങളായി തേവര കോളേജിലെ ഐക്കഫ് യൂണിറ്റിന്റെ ചാപ്ളെയിൻ ആയി സേവനം അനുഷ്ഠിച്ചിരുന്ന ഫാ: ജോൺ നടുവത്തുശ്ശേരിയുടേയും, ഐക്കഫിന്റെ ആരംഭകാലംമുതൽ അതിന്റെ എല്ലാമെല്ലാമായിരുന്ന ഫാ: ഗബ്രീനോസിന്റേയും വേർപാടുകൾ ആയിരുന്നു അവ. നടുവത്തുശ്ശേരിയച്ചനും, ഗബ്രീനോസച്ചനും ഞങ്ങൾക്കു പകർന്നുതന്ന ആവേശം കൂടുതൽ ഉജ്ജ്വലമായി പ്രകാശിപ്പിക്കുവാൻ പുതിയ ചാപ്ളെയിൻ ഫാ: ജോൺ കിഴക്കേടന്റേയും ഫാ: ജോസഫ് കൈമലയുടേയും നേതൃത്വം ഞങ്ങളെ സഹായിച്ചു.

ജൂലൈ അവസാനവാരത്തിൽ നടന്ന ജനറൽബോഡിയോഗത്തിൽവച്ച് ഈവർഷത്തെ പ്രവർത്തനങ്ങൾക്ക് അന്തിമരൂപംനല്കി.

അംഗത്വം ഐക്കഫിൽ ക്രിയാത്മകമായ താൽപര്യം ഉള്ളവർക്ക് മാത്രമായി നിയന്ത്രിച്ചത് ഈവർഷത്തെ ധീരമായ ഒരു തീരുമാനമായിരുന്നു. കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുവേണ്ടി Litergy, Literary and Cultural, Social Awareness എന്നീ ഗ്രൂപ്പുകൾക്ക് രൂപം കൊടുത്തു. ഓരോ ഗ്രൂപ്പും പ്രത്യേകം പ്രത്യേകം സമ്മേളിച്ച് അവരവരുടേതായ പ്രവർത്തനങ്ങൾക്ക് രൂപഭാവം നല്കി.

ആഗസ്റ്റ്മാസത്തിൽ 'അദ്ധ്യാപക വിദ്യാർത്ഥിബന്ധം' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ചർച്ച വളരെ ഉപകാരപ്രദമായ ഒന്നായിരുന്നു. ബഹുമാനപ്പെട്ട പ്രിൻസിപ്പൽ അദ്ധ്യക്ഷത വഹിച്ച പ്രസ്തുതയോഗത്തിൽ അദ്ധ്യാപക വിദ്യാർത്ഥിപ്രതിനിധികൾ വിഷയത്തിന്റെ വിവിധ വശങ്ങളെ പുരസ്കരിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 17_8_'76_ൽ ഐക്കഫ് നാഷണൽ ചാപ്ളെയിൻ ഫാ: ക്ലോഡ്സിസ്സസ യൂണിറ്റ് സന്ദർശിച്ച് ഐക്കഫിലെ നൂതനപ്രവണതകളുടെ ഏകദേശരൂപം നല്കി.

സെപ്റ്റംബർ മുപ്പതാംതീയതി നടത്തപ്പെട്ട 'മ്യൂസിക്കൽ ഈവനിംഗ്' കോളേജിലെ പല പുതിയ പ്രതിഭകളേയും രംഗത്തുകൊണ്ടുവരുന്നതിന് സഹായിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഗായകർക്ക് ഐക്കഫ് പ്രത്യേക സമ്മാനങ്ങൾ നല്കുകയുണ്ടായി. ഒക്ടോബറിൽ 'The Message of Bible to the youth of today' എന്ന വിഷയത്തെക്കുറിച്ച് ഒരു ഏകദിന സെമിനാർ നടത്തപ്പെടുകയുണ്ടായി.

12_10_'76_ൽ കൂടിയ എക്സിക്യൂട്ടീവ് മീറ്റിംഗിന്റെ നിർദ്ദേശപ്രകാരം നവംബർ മൂന്നാം തീയതി എറണാകുളം ഫൈൻ ആർട്ട്സ്



ഐക്കഫ് അംഗങ്ങൾ സേവനരംഗത്ത്

സ് ഹാളിൽവച്ച് ഐക്കഫിന്റെ ധനശേഖരണാർത്ഥം ചങ്ങനാശ്ശേരി ഗീഥായുടെ 'സാക്ഷി' എന്ന നാടകം അവതരിപ്പിച്ചു. പ്രതീക്ഷകൾക്കുപരിയായ പ്രതികരണമാണ് പ്രസ്തുത സംരംഭത്തിനു ലഭിച്ചത്. എന്നുള്ളത് ഐക്കഫിന്റെ പ്രവർത്തനങ്ങൾക്ക് കിട്ടിയ അംഗീകാരമായി ഞങ്ങൾ കണക്കാക്കുകയാണ്. പ്രസ്തുത സംരംഭത്തിൽ ഞങ്ങളെ സഹായിച്ചവർ നിരവധിയാണ്. അവരെ ഈ അവസരത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ഐക്കഫ് സോണൽ യൂത്ത് ഫെസ്റ്റിവൽ നവംബർ 19-20 തീയതികളിൽ തേവര കോളേജ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. ഏറ്റവുംകൂടുതൽ പോയിന്റുകൾനേടി ട്രോഫി കരസ്ഥമാക്കിയത് നമ്മുടെ കോളേജ് ആയിരുന്നുവെന്നത് അഭിമാനപുരസ്സരം രേഖപ്പെടുത്തുകയാണ്.

കോളേജിൽ നടത്തപ്പെട്ട 'Blood Donation Programme'ലും ഐക്കഫ് വോളന്റിയേഴ്സ് സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുകയുണ്ടായി.

ഈ വർഷം നടത്തപ്പെട്ട രണ്ട് റീജിയണൽ ക്യാമ്പുകൾക്കും ഒരു നാഷണൽ ക്യാമ്പിനും ആതിഥ്യംവഹിച്ചത് നമ്മുടെ കോളേജാണ്.

ഐക്കഫിന്റെ സാമൂഹ്യസേവനപ്രവർത്തനങ്ങളുടെ ഭാഗമായി ജനുവരിമാസത്തിൽ തേവരയിലുള്ള രണ്ട് നിർധനകുടുംബങ്ങൾക്ക് പുരമേഞ്ഞ് കൊടുക്കുകയുണ്ടായി. മറ്റുപല കുടുംബങ്ങൾക്കും ചെറിയതോതിലുള്ള സാമ്പത്തികസഹായങ്ങൾ ഈ വർഷം ചെയ്തു കൊടുത്തു.

ജനുവരി അവസാനവാരത്തിൽ കൊച്ചിൻസോണിലെ ഐക്കഫ് പ്രവർത്തകർക്കുവേണ്ടി ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. ഫാ: മാത്യു വള്ളിപ്പാലം 'Youth and Psychological Maturity' എന്ന വിഷയത്തെക്കുറിച്ചും ആലുവ യു. സി. കോളേജിലെ സൈക്കോളജി പ്രൊഫസർ ആയിരുന്ന ഡോ: വി. കെ. അലക്സാണ്ടർ 'Pre-Marital Training' നെക്കുറിച്ചും സംസാരിച്ചു.

ഫെബ്രുവരി 19-ാം തീയതി ഈവർഷത്തെ പ്രവർത്തനങ്ങൾക്ക് അന്ത്യംകുറിച്ചുകൊണ്ടുള്ള സമാപനസമ്മേളനം നടത്തപ്പെട്ടു. തേവരകോളേജിലെ ഐക്കഫ് പ്രവർത്തകരെ സംബന്ധിച്ചിടത്തോളം പലതുകൊണ്ടും അഭിമാനകരമായ ഒരു വർഷമാണ് കടന്നുപോയത്. ഈ അവസരത്തിൽ വിജയകരമായ പ്രവർത്തനത്തിന് ഞങ്ങളെ സഹായിച്ച കോളേജ് മാനേജ്മെന്റിനോടും ബഹുമാനപ്പെട്ട പ്രിൻസിപ്പലിനോടും ഞങ്ങൾക്കുള്ള കടപ്പാട് കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയാണ്. എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വംനല്കിയ ചാപ്ലെയിൻ ഫാ: ജോൺ കിഴക്കേടൻ, അഡ്വൈസർമാരായ ഫാ: ജോസഫ് കൈമലയിൽ, Mr. തോമസ് എബ്രഹാം, Mr. പി. ജെ. സിറിയക് എന്നിവർക്കും ഞങ്ങൾക്കുള്ള ഹൃദയംഗമമായ നന്ദിരേഖപ്പെടുത്തട്ടെ. ഇതിലും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവക്കുവാൻ അടുത്തവർഷം ഐക്കഫിനു സാധിക്കുമെന്ന പ്രത്യാശയോടെ അവസാനിപ്പിക്കട്ടെ.

എന്ന്,
സെക്രട്ടറി

# കോളേജ് യൂണിയൻ ചെയർമാൻ യൂണിയൻഡേക്ക് നടത്തിയ പ്രസംഗത്തിൽനിന്ന്

തകർന്നുകിടക്കുന്ന തറവാടുപോലെ സമൂഹം.
ഒരപകടത്തിൽപ്പെട്ട് ചിതറിയ തലച്ചോറുകണക്കെ സമൂഹനീതിശാസ്ത്രങ്ങൾ.
ഇവിടെ നാം നിർന്നിമേഷരായിരുന്നു ഇത്രയുംനാൾ.
ഇനി,
അകലെകളിൽ ഉദിച്ചുയരുന്ന നവസൂര്യഗോളത്തിന്റെ പ്രകാശംകാണുമ്പോൾ, അവിടെ
തകർന്ന അജ്ഞതയുടെ ചൂഷണത്തിന്റെ അന്ധകാരജടിലമായ കനത്ത കോട്ടയെപ്പററി കേൾക്കുമ്പോൾ,
ഇവിടെ നാം ഉണരുക.
നമുക്ക് എങ്ങോ, എന്നോ, നഷ്ടപ്പെട്ടുപോയ കരുത്ത് വാരിക്കോർക്കുക.
കൊടുങ്കാററഴിച്ചുവിട്ട മനസ്സുമായി പ്രത്യാശകൊളുത്തിയ വിളക്കുമായി
നാം യുവത്വംകൊണ്ട് ആഞ്ഞടിക്കുക.
തകരേണ്ടതും തകർക്കേണ്ടതും വളരേണ്ടതും വളർത്തേണ്ടതും എന്ത് എന്നതു് ചിന്തയുടെ പ്രക്രിയക്കുനല്കുക.
വേഗത്തിൽ തെളിയുന്ന ഇരുപതാം നൂറ്റാണ്ട്
ഇവിടെ,
അസഹ്യമായ കരച്ചിലുകളിൽ അതിരൂക്ഷമായ അമർത്തലുകളിൽ തടവിൽകഴിയുന്ന ജനത.
അവർ മർദ്ദിതർ, നിന്ദിതർ, ചൂഷിതർ.
നമ്മുടെ മുമ്പിലെ ആയിരംപ്രശ്നങ്ങൾ കിടപ്പായിലെ കൊതുകിന്റെ രാഗംപോലെ അസഹനീയം.
അലയടിച്ചുയരുന്ന പുരോഗമന വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ
അതിഗംഭീരമായ മുന്നേററത്തിൽ നാം പുളകിതർ.
വിദ്യാർത്ഥിയൂണിയനുകളെ എതിർക്കുന്നവർ, അതിനെ ഭയക്കുന്നവരാണ്.
അതിനെ പുച്ഛിക്കുന്നവർ അതിന്റെ ശക്തിക്കുമുമ്പിൽ ദുർബലരാണ്.
അവരുടെ കണ്ണുകളിൽ നാം കടുത്ത നിരാശകാണുന്നു.   നമ്മോടുള്ള എതിർപ്പും.
ആ നിരാശ, ഇല്ലാത്തതു് ഉണ്ടെന്ന്നടിക്കുന്ന 'അല്പ'ന്മാർക്ക് സ്വന്തം ഇഷ്ടത്തിനൊത്ത്
ഇവിടെ വിഡ്ഢിത്തങ്ങൾ വിളമ്പുവാൻ സാധിക്കുന്നില്ലല്ലോ എന്നതിന്റേതാണ്.
76_77 ലെ കോളേജ് യൂണിയൻ അവർക്ക് മറുപടികൊടുത്തു.
ഇവിടെ വിദ്യാർത്ഥികളുടെ സർഗ്ഗപ്രതിഭകൾ ഉണർത്തിയതും ഉയർത്തിയതും നമ്മളാണ്.
നമ്മുടെ യൂണിയനാണ്.   നമുക്കേ അതിനു കഴിയൂ.
കാരണം നമ്മുടെ സർഗ്ഗാത്മകതയുടെ ചലനതാളം
നമ്മുടെ സംഘടിത ശക്തികളിൽനിന്നുമാത്രമേ ഉരുത്തിരിയൂ.
ഈ സത്യം ഇവിടെ ഞാൻ ഉറക്കെ പ്രഖ്യാപിക്കുന്നു.
വിദ്യാർത്ഥികളുടെ ശത്രുക്കളുടെ വിശ്വാസത്തിന്റെ സ്വാർത്ഥതയുടെ
അസ്ഥികൾ ഒടിയുന്ന ശബ്ദം നാം കേൾക്കുന്നു.
അസ്ഥികൾ തകരുന്ന താളത്തിൽ നാം നമ്മുടെ ശക്തിയുടെ ഗാനം പാടുക.

അഭിവാദ്യങ്ങളോടെ,
പാർത്ഥസാരഥി
ചെയർമാൻ

# they represented the university



George Samuel



P. V. Francis



Johnny Jose



M. D. Antony

**Foot Ball**



Hassan Koya



Ramesh Kumar

**Basket Ball**



K. Santhosh
Cricket



Kuriyen
Jr. State Champion
in Snooker



Roy Edward
Tennis

# Our stars on track and field



Rita Fuller
Athletic Champion



Beena Mary
new record in
Long Jump



Jeena Pappachan
new record in
High Jump



C. T. Davis
Athletic Champion
set new record in
Long Jump

Thomas
new record in
Hammer Throw



Jolly Joseph
new record in
200 Metres



## The following Cadets attended All-India N. C. C. Training Camps in different parts of our Country during the year under review



S. Shankar



K. S. Vidyanath



P. Sreekumar





Newton Luiz

Pious

R. Krishna Moorthy

Balraj Singh





K. R. Ramesh

G. Noble Williams

P. J. George







Basket Ball Team





Thomas Mootheril
Adjudged best actor
for 2 years consecutively

Prem Reubens
won the President's Gold Medal
for Best Ship Modelling



Kuriyen Mathew
won prizes on All Kerala and
All India basis
for Instrumental Music





नीलम सक्सेना

कि विवाह में बहुत अधिक दहेज के रूप में देने केलिये ...ण विवश हुआ करते हैं ।



सी. पी. कृष्णानन्द

उच्च विचार और अच्छे कर्म करने से मन की दशा अच्छी रहती है और संतोष मिलता है । संतुष्ट जीवन ही सफल जीवन समझा जाता है ।



श्रीलता पी.

शरीर श्रम सुख और शांति का जनक है। इसमें दया, अहिंसा, सहयोग आदि की उच्च भावना है ।



# भारतवर्ष में नारी का स्थान

नीलम सक्सेना

प्राचीन काल में स्त्री की जो दशा थी, समय के परिवर्तन के साथ साथ क्रमशः गिरती गई। पुत्र के उत्पन्न होने पर घर भर में खुशियाँ मनाई जाती हैं, मिठाई बाँटी जाती है; परन्तु पुत्री के उत्पन्न होने पर सारा घर शोकसागर में डूब जाता है। इसका यही कारण हो सकता है कि शादी के विवाह में बहुत अधिक धन दहेज के रूप में देने केलिये माँ-बाप विवश हुआ करते हैं।

पत्नी के रूप में भी नारी की दशा अच्छी नहीं कही जा सकती। उसे अपने पति के आगे पीछे कठपुतली की तरह नाचना पड़ता है। उसकी हरेक गतिविधि पर पति का पूर्ण अंकुश रहता है। पत्नी का एकमात्र कर्तव्य यही माना जाता है कि वह अपने पति को हमेशा पूर्ण रूप से प्रसन्न रखे। पति की सेवा उसका मुख्य कार्य होता है। पुरुष के स्वार्थ ने उसे दासी और सम्भोग की वस्तु बना रखा है। 'लज्जा स्त्रियों का आभूषण है' वाले मंत्र की साधना नारी के दुख को बढ़ा रही है।

पुरुषों ने स्त्रियों की हीनता का राग इतना अलापा है कि स्त्रियाँ भी अपने को दीन हीन मानती हैं। उनके भोलेपन से फायदा उठाकर कई लोग अब भी उसे पतितावस्था में ही रखना चाहते हैं।

ऐसा होने पर भी आज के 'स्वतंत्र भारत में फैले प्रकाश किरणों को देखते हुए यह आशा पैदा होती है कि नारी का उद्धार अवश्य होगा और उसका गौरव बढ़ेगा। कई लोग नारी के उद्धार के लिये प्रयत्नशील दिखाई दे रहे हैं। इनका कहना है कि जब तक स्त्रियाँ, जो देश की जनसंख्या की- आधी से कुछ अधिक हैं, दासता में जीवन व्यतीत करें तब तक हमारी स्वतंत्रता का कोई मूल्य नहीं रहेगा।

राजारामामोहनराय, स्वामी दयानन्द, महात्मागांधी, रवीन्द्रनाथ ठाकुर आदि महान लोगों के प्रयत्न से भारत में नारी के पद की पुनः प्रतिष्ठा हुई है। श्रीमती इन्दिरागांधी को प्रधान मंत्री का पद देकर हमारे देश ने यह साबित कर दिया है कि वह सामाजिक और राजनैतिक दृष्टि से स्त्री और पुरुष में भेदभाव नहीं स्वीकार करता।

आज स्वतंत्र भारत में स्त्री अपने खोये हुए अधिकारों को पाने के लिये समर्थ हुई है। सरोजनी नायडू ने राज्यपाल के पद को सुशोभित किया था। श्रीमती विजयलक्ष्मी पंडित ने रूस और अमेरिका के राजदूत पद को बड़े कौशल से निभाया है। अमेरिका और इंग्लैंड जैसे प्रगतिशील

व उन्नत देशों में भी स्त्री को इतना सम्मान अब तक प्राप्त नहीं हुआ है। आज हमारे देश में अनेक नारियाँ मंत्री-पदों पर ही नहीं अन्य कई उत्तरदायित्वपूर्ण उच्च पदों पर भी प्रतिष्ठित हैं ।

स्वतंत्र भारत में नारी को मत देने का अधिकार बिना माँगे प्राप्त हुआ है। परन्तु पश्चिमी देशों में नारी को मताधिकार प्राप्त करने के लिये एक लंबा संघर्ष करना पडा था। भारत में आज नारी का आदर बढ गया है। शासनकार्य में नारी का स्थान बिना यत्न के ही स्थापित हो गया है। नारी की स्वतंत्रता का विरोध करनेवाला कोई भी उम्मीदवार चुनाव में सफलता नहीं पा सकता।

आर्थिक दृष्टि से भी आज स्त्री पुरुष के बंधन से मुक्ति पा रही है। पिता की सम्पत्ति पर लडके के समान लडकी को भी अधिकार प्राप्त है। आज के युग में आर्थिक स्वतंत्रता के अभाव में पराधीनता से मुक्ति का कोई मूल्य नहीं हो सकता। इसलिए आर्थिक दृष्टि से स्वतंत्र भारतीय नारी पुरुषों की बराबरी कर रही है। भारत के संविधान में लिंग भेद को कोई स्थान नहीं रहता जिससे स्त्री को प्रत्येक क्षेत्र में उन्नति करने का अवसर मिला जाता है। वह बडे से सरकारी पद को अपनी योग्यता के बल पर प्राप्त कर सकती है। सेना पर भी केवल पुरुषों का ही एकाधिकार नहीं रहेगा–ऐसी आशा की जा सकती है।

आज भारत में स्त्री हर क्षेत्र में प्रगति कर रही है है और अनेक स्त्रियाँ अनेक पदों पर नियुक्त हैं। नौकरी के लिये उन्हें घर के बाहर रहना पडता है जिससे कई प्रकार की समस्याओं का समना करना पडता है। स्त्री को घर से बाहर देर तक रहने की अनुमति नहीं रहती। लेकिन नौकरी पर नियुक्त स्त्रियों को जरूरी काम के लिये कभी कभी दफ्तर में देर तक रहना पडता है और कभी कभी समय पर बस या रेलगाडी के न मिलने पर घर लौटते रात होती है।

स्वतंत्रता प्राप्ति के बाद स्त्री-शिक्षा का प्रचार अपेक्षाकृत कुछ अधिक हुआ है। नारी का उत्तरदायित्व भी बढ गया है। विशेष रूप से शहरों में स्त्रियाँ ही बाहर की खरीददारी किया करती हैं और घर-गृहस्थी के मसले सुलझाया करती हैं। फिर भी घर से देर तक बाहर रहना अभी तक भारतीय नारियों के लिये आम बात नहीं हो पायी हैं। तभी तो इस पर विचार किया जा रहा है। पुरुषों के देर से घर आने पर जब कोई आपत्ति नहीं रहती तब फिर स्त्रियों के संबंध में ही ऐसा क्यों ?

भारत में आज स्त्रियों को हरेक क्षेत्र में पुरुषों के बराबर अधिकार प्राप्त हैं। खेलकूद, शिक्षा, नौकरी आदि आदि में। जो खेल पहले सिर्फ पुरुषों के समझे जाते थे उनमें आजकल महिलाओंने भी बडी सफलता पायी है। वह भी पुरुषों की भाँति अन्तराष्ट्रीय खेल-कूद में भाग ले सकती है। अब स्त्रियाँ हर क्षेत्र में पुरुषों का मुकाबला कर रही हैं। अब वे किसी भी क्षेत्र में पुरुषों से पीछे नहीं रहना चाहती।

★

# शरीर-श्रम का महत्त्व

श्रीलता पी.

इस संसार में कर्म ही अत्यधिक प्रधान होता है। शरीर श्रम का ही संसार में अधिक आदर होता है। परमात्मा ने श्रम करने केलिए ही हमें शरीर दिया है। शरीर हमें सुख-भोग अथवा शृंगार केलिए नहीं मिला है। उसीप्रकार शरीर हमें आलस्यपूर्ण जीवन व्यतीत करने केलिए नहीं मिला है। शरीर हमें मिला है कर्म करने केलिए। कर्म का ही नाम शरीर श्रम है। चींटी से हाथी तक जितने जीव-जन्तु हैं सब कर्म में लीन है सब अपने अपने काम में लगे हुए हैं।

स्वास्थ्य केलिए भोजन, के बाद श्रम की आवश्यकता है। बिना शरीर श्रम के भोजन नहीं पच सकता। यदि शरीर श्रम के बिना पच जाता है तो वह शरीर को आलसी बना देता है। शरीर में बराबर रक्त का संचार होता रहता है और पसीने के रूप में शरीर का मल बाहर निकल जाता है। इससे शरीर में स्फूर्ति आती है। कोई न कोई व्यायाम करने से भी इस उद्देश्य की पूर्ति हो जाती है।

हम किसान-मजदूरों को देखें। वे दिन-भर कड़ा परिश्रम करते हैं। उनको भूख सच्ची भूख होती है। सूखी रोटी और साग में उन्हें अमृत का-सा स्वाद मिलता है। दिन भर के थका देनेवाले शरीर श्रम के बाद जब वे अपने फटे-पुराने बिस्तरों पर सो जाते हैं तब उन्हें सुखद और गहरी नींद आती है। लेकिन आलसी आदमी सुख-शय्या पर लेटने पर भी रात भर करवटें बदलते रहते हैं। उन्हें न तो दिन में चैन मिलता है और न रात में। देखने में वे स्वस्थ और भले जान पड़ें पर वे बीमार हैं। उनको अपना जीवन भारी लगता है। वे पेड़-पौधों से भी गये-बीते हैं। पेड़ हमसे कुछ नहीं पाते, फिर भी हमें लकड़ी और फल देते हैं। आलसी हमसे सब कुछ पाते हैं, पर कुछ भी नहीं देते। वे अपने परिवार, अपने समाज और अपने देश केलिए भार-रूप हैं। सर्वत्र उनकी उपेक्षा होती है।

जिस व्यक्ति ने, जिस समाज ने और जिस देश ने शरीर श्रम को महत्व दिया वह ऊँचा उठ गया। रूस, चीन, जापान, अमेरिका आदि ने जो उन्नति की है वह अपने शरीर श्रम द्वारा ही की है। अपने शरीर श्रम से ही उन्होंने अपने भौतिक जीवन का स्तर ऊँचा किया है। अपने शरीर श्रम से ही वे स्वावलंबी बने हैं। अपने शरीर श्रम से ही उन्होंने कठिन से कठिन कार्य सरल बना दिया है। अपने शरीर श्रम से ही उन्होंने बड़ी फैक्टरियों और कारखानों को जन्म दिया है; वैज्ञानिक उन्नति पायी है; अनेक युद्धों में विजय प्राप्त की है। इसमें शक नहीं है कि विज्ञान की उन्नति ने शरीर श्रम की प्रतिष्ठा घटा दी है, लेकिन विज्ञान शरीर श्रम का ऋणी है और ऋणी रहेगा भी।

विज्ञान की उन्नति व्यक्ति को, समाज को और देश को प्रेम, आत्मविश्वास, करुणा, दया, सहानुभूति, सहयोग, अहिंसा, तप और त्याग का सन्देश नहीं दे सकता क्योंकि विज्ञान स्वयं जड़ है। इसमें शक नहीं है कि आज पश्चिम के देशों ने अपने शरीर श्रम से विज्ञान के क्षेत्र में काफी उन्नति कर ली है। वे भौतिक दृष्टि से स्वावलंबी बन गये हैं, लेकिन उन्होंने अपनी आत्मा की पुकार को अनसुना कर दिया है। यह शरीर श्रम का दुरुपयोग है।

शरीर श्रम सुख और शांति का जनक है। उसमें दया, अहिंसा, सहयोग आदि की उच्च भावना है। किसान, बढ़ई, धोबी, लोहार सब सहयोग की भावना से ही बँधे हैं। हमारे राष्ट्रपिता महात्मा गांधी ने भी शरीर श्रम को बड़ा महत्व दिया था। उनका कहना था कि यन्त्र के द्वारा सुई बना लीजिए, लेकिन वस्त्र चर्खे के सूत का ही पहनिये। उनके इस कथन में जीवन का रस है। भारत ने जब तक इस रस का पान किया तब तक अपने आध्यात्मिक और भौतिक दोनों प्रकार का सुख पाया। गांधीजी के उपदेश से मुख मोड़ लेना पराश्रयी बनाना है; प्राचीन गौरव को भी भूल जाना है। आज हमें शरीर श्रम से देश के उस प्राचीन गौरव को पुनःप्राप्त करने का मौका मिला है। हम इस अवसर से पूरा लाभ उठायें और देश को भौतिक दृष्टि से ही नहीं आध्यात्मिक दृष्टि से भी आगे बढ़ाने में सफल हों।

ж

महान व्यक्तियों के जीवन चरितों से पता चलता है कि जीवन की सफलता का रहस्य क्या है। जीवन को सफल करने केलिये स्वतंत्र चिंतन आवश्यक है। अपने जीवन के लक्ष्य को निश्चित करना, इच्छा शक्ति को बढाना और लक्ष्य पर पहुँचने केलिये उत्साह के साथ कर्म करना आवश्यक है। बिना सोचे समझे कर्म करना मूर्खता है। मन में जो सोचें उसी को बोलें और जो बोलें वही करें—यह विजय का रहस्य है। यही जीवन संतोष पाने का मार्ग है।

संतोष मन की एक दशा मात्र है। वह बाहरी परिस्थितियों में नहीं रहता। धन और सुखसामग्री मिलने मात्र से कोई संतुष्ट नहीं रहता। सभी धनी लोग संतुष्ट नहीं हैं। गरीबी में भी संतुष्ट रहनेवाले कई देखने को मिलते हैं। उच्च विचार और अच्छे कर्म करने से मन की दशा अच्छी रहती है और संतोष मिलता है। संतुष्ट जीवन ही सफल जीवन समझा जाता है।

पंडित जवाहरलाल नेहरू स्वतंत्र चिंतन करनेवाले महान व्यक्ति थे। उन्होंने भारत की आत्मा को देखने का और समझने का प्रयत्न किया था। बहुत समय के इस प्रयत्न का यह फल हुआ कि "Discovery of India" नाम की श्रेष्ठ पुस्तक तैयार हुई। इस पुस्तक को पढने से स्वतंत्र चिंतन और विजय का रहस्य मालूम होता है और आशा की आत्मा के दर्शन होते हैं।

आजकल युवकों में अध्ययन करने और स्वतंत्र चिंतन करने की प्रवृत्ति बहुत कम दिखाई देती है। भारत के भावी नेताओं को तैयार करने केलिये आज के विद्यार्थियों में स्वतंत्र चिंतन की प्रवृत्ति बढानी चाहिये। उन में पंडित नेहरू की लिखी पुस्तकों का प्रचार करना आवश्यक है। खास कर उनके जीवन चरित्र से हम विद्यार्थी बहुत कुछ सीख सकते हैं। उन के आदर्श को सामने रखकर काम करके जीवन को सफल कर सकते हैं। भावी भारत को योग्य नेता और शासक तभी प्राप्त हो सकते हैं। उनके जीवन से निर्भयता, निष्कपटता, वीरता, देशभक्ति, त्याग जैसे गुण सीख कर सभी लाभान्वित हो सकते हैं।

भारत एक प्राचीन देश है। सारे संसार को सबसे पहले ज्ञान का प्रकाश देने का श्रेय उसको प्राप्त है। वह हमेशा दूसरों केलिये आदर्श रहा है। आधुनिक काल में भी महात्मागांधी, पंडित जवाहरलाल नेहरू जैसे श्रेष्ठ व्यक्तियों को इसने प्रदान किया है जो विश्वशांति में अपना योगदान देते रहे हैं। आध्यात्मिक बातों केलिये आज भी संसार भर के लोग भारत की ओर ही देख रहे हैं। इसलिये संसार में भारत का अपना विशेष स्थान है। हम भारतीय विद्यार्थियों का कर्तव्य है कि हम अपने देश की परंपरा का अनुसरण करें, स्वयं योग्य बनें और भारत के भविष्य को उज्ज्वल बनायें। इसकेलिये स्वतंत्र चिंतन, प्रबल इच्छा और निरंतर कर्म आवश्यक हैं। इन्हीं को जीवन की सफलता का रहस्य समझकर आगे बढें तो विजय निश्चित है।

★

# जीवन की सफलता

सा. पा. कृष्णानन्द



# जरा हसिये

के. पी संजीव

भिखारी मकान मालिक से "एक [illegible]"
मकान मालिक— "यहाँ पैसा-वैसा कुछ नहीं; भागो यहाँ से"
भिखारी— "तो साहब, कोई कपड़ा ही दे दीजिये"
मालिक— "कपड़ा भी नहीं; अपना रास्ता मारो",
भिखारी— "तो एकाध रोटी ही दे दें"
मालिक— "एक बार कह दिया न कि यहाँ कुछ नहीं है? फिर परेशान क्यों कर रहा है?
भिखारी— "अरे साहब! कुछ नहीं है तो अंदर क्यों बैठे हैं? [illegible]"

* * *

पत्नी:— "तुम काफी मत पिया करो। यह ऐसा विष है जो कि मनुष्य को धीरे धीरे मार देता है।"
पति:— "तो मुझे मरने की कौन-सी जल्दी है?

* * *

माँ (सबेरे ही सबेरे)-- "बेटा, जा पूजा के लिये धूप ले आ"
बेटा— "माँ, अभी सूरज तो निकला नहीं। धूप कहाँ मिलेगी??"

* * *

टिकट-चेकर:- "क्या तुम मुझे बेवकूफ बना रहे हो? यह प्लेटफारम का टिकट है"
यात्री— "साहब हम बेवकूफ नहीं बना रहे हैं। हम आपसे वायदा करते हैं कि हमने प्लेटफारम का टिकट लिया और प्लेटफारम पर ही उतरेंगे।"

* * *

अध्यापक:— "नीलू, बताओ अठाईस दिन किस महीने में होते हैं?
नीलू:— "मास्टरजी, हर महीने में"

* * *

रहीम— "मोहन, तुम्हारे घर में आग लग गयी है और यहां बैठे हो?"
मोहन— "मेरे घर में आग कहाँ से पहुँच सकी? दरवाजा तो बन्द पड़ा है और उसकी चाभी मेरे पास है।"

* * *

# दो कविताएँ



नीलम सक्सेना

१

जरा-सी बात है मुँह से कभी निकल न जाये
यह देखता है तो लगता है नींव हिलती है ।
मेरे बयान को वह निगल न जाये कहीं
यह बरफ आँच के आगे पिघल न जाये कहीं ।

तमाम रातें तेरी याद करके बिताई हैं
तमाम उम्र इस तरह निकल न जाये कहीं ।
कभी मचान पर चढने की आरजू उभरी,
कभी यह डर कि यह सीढी फिसल न जाये ।

नजरों में आ रहे हैं नज्जारे बहुत बुरे
होंठों पर आ रही है जुबां और भी खराब ।
रोशन होगा चिराग एक दिन जरूर
वह मिलेगा एक दिन जरूर ।।

२

वह अकेली टहल रही होगी
फिर मेरा जिक्र आ गया होगा
वह बर्फ सी पिघल रही होगी
कल जो उदासी थी चेहरे पर
आज वह सपना बहुत सुहा होगा
सोचता हूं कि वह कमरे में
एक शमा आ-सी जल रही होग
एक जंगल है उसकी आंखों में
मैं जहां राह भूल जाता हूँ
वह कोई रेल सी गुजरती है
मैं कोई पुल सा थर थराता हूँ
मैं उसे भूलने की कोशिश में
आज कितने करीब पाता हूँ ।

## "......and then, they are gone

with their hearts filled with warm
memories of the past and glittering
expectations for a bright future
they are leaving this temple of learning.
The days they had in this college—
two years, may be three years—
where of overwhelming friendship
and understanding, for both we
remain here and our departing
dear ones. All those days
so bright and colorful have now
converged into the leaves of an
autograph book. But no mattar- the
sweet experiences we shared together in
all these days are evergreen memoirs
imprinted in the depth of our hearts.
And the gems of love we
hold tight to our bossom and may the
rememberance cherish into the
far periferies of our lives".



Final M. A. (English)

Final M. A. (Economics)





Final M. Sc. (Zoology)

Final B. Sc. (Physics)





Final M. Com.

Final M. Sc. (Chemistry)





Final B. Sc. (Chemistry)

Final B. Sc. (Zoology)





Final B. Sc. (Botany)

Final B. A. (Economics)





Final B. Com

Army Wing N. C. C.





Final P. D. C. (I Group)

Final P. D. C. (2 Group)





Final P. D. C. 3 Group

## THE SACRED HEART COLLEGE ANNUAL


| | | |
|---|---|---|
| Place of Publication | .... | Karthika Printers & Publishers (P) Ltd. Cochin-1 |
| Publisher | .... | Rev. Fr. Archangel, Principal |
| Nationality | .... | Indian |
| Address | .... | Sacred Heart College, Thevara |
| Ownership | .... | Do |

I, Fr. Archangel, hereby declare that the particulars given above are true to the best of my knowledge and belief.

25th March 1977

(Sd.)
Signature of Publisher

## THE MAGAZINE COMMITTEE

E. B. Jayan
E. N. Sunil
T. Mukundan
C. E. Walton
George Mariamma
Thomas Abraham
K. Augustine
V. Mallaya
Prof. Jacob
Prakash James

### Ex. officio

Rev. Fr. Mathai Archangel
C. M. Parthasarathy



P. L. Prakash James
Editor

With best compliments from:

**PARTHAS**
TEXTILE DEALERS
**ERNAKULAM**

Our Associates are:

KOTTAYAM, CHANGANACHERRY, KAYAMKULAM, ATTINGAL

"INTEGRITY WITHOUT KNOWLEDGE IS WEAK AND USELESS,
AND KNOWLEDGE WITHOUT INTEGRITY IS
DANGEROUS AND DREADFUL"

-SAMUEL JOHNSON

VISIT YOUR FRIENDLY FAMILY STORE

**CHAKOLAS**
BROADWAY - ERNAKULAM

Phones: Office 33987
Res. 33338
" 35861
Works 35866

**K. C. CORPORATION**
Cloth Bazaar Road, Cochin-11

Manufacturers and Dealers:

**BONTRX COLLARS,**
**BRASIERS TAPES**
**POLYTHENE FILM & BAGS Etc.**

**K. C. PAPPU & SONS**
Cloth Bazaar Road, Cochin-11

Dealers:

**SEWING MACHINES,**
**SPARE PARTS**
**TAILORING ITEMS Etc.**

***MILTON'S COLLEGE***
Jews Street, Ernakulam

Offers

**B. Com. (Three Years)**
**Pre-Degree (Two Years) University of Kerala**

Principal

The best Technical college of South India with maximum practical facilities

**Job oriented Engg. Courses**

**BLUE TRONIX**
(Govt. Regd.)
E. S. I. Road, Palluruthy
**COCHIN-6**

**Phone: 26926**

**COCHIN BAKERY**
M. G. ROAD,
ERNAKULAM

Phone: 32368

**Hindustan Insecticides Ltd.**
(A Govt. of India Enterprise)
Udyogamandal P. O.,
Kerala State
Regd. Office :: New Delhi-110002

We manufacture Insecticides and Chemicals like

| | |
|---|---|
| Technical D. D. T. | Formulated D. D. T. |
| Technical B. H. C. | Formulated B. H. C. |
| Para D. C. B. | Monochlorobenzene |
| Ortho D. C. B. & | Chloral |

Factories:
NEW DELHI & UDYOGAMANDAL, KERALA

ഞങ്ങൾ ആദായവിൽപന
നടത്തുന്നില്ല
പക്ഷെ, നിങ്ങൾക്കെന്നും ഞങ്ങളിൽ
നിന്നു് ആദായത്തിൽ
തുണിത്തരങ്ങൾ ലഭിക്കുന്നു
അതാണു് ഞങ്ങളുടെ പ്രത്യേകത

ടെക്സ്റ്റൈൽ ഫെയർ
ബ്രോഡ്‌വേ, എറണാകുളം

Phone: 31565

With best compliments from:

**PHARM-O'-SALES**
30/406A, M. G. ROAD,
Opposite Dwaraka Hotel
Ernakulam, COCHIN-16

*Stockist:*
BDH Chemicals
SERUMS & ANTIGENS

*Dealers in:*
All Laboratory Equipments and Glass wares.

**V. M. XAVIER**
PERUMANOOR
THEVARA

Tel: 'REFLECTION' Phone: 31112 & 5580

***K. VELAYUDHAN PILLAI***
GLASS, HARDWARE & PICTURE MERCHANTS
**BROADWAY-ERNAKULAM,**
**COCHIN-682011**
KERALA

**NEW BHARAT STUDIO**
VALANJAMBALAM
**ERNAKULAM**
ഫോട്ടോഗ്രാഫി സംബന്ധമായ എല്ലാ
ജോലികളും തൃപ്തിയായി ചെയ്യുന്നതാണ്

Phone: 32089
**E. V. Radio Electricals**
**Banarji Road, Ernakulam,**
**Cochin-11**

Vithayathil Opticals
C. S. Road,
**Ernakulam**
Phone: 35393

# Madhava Pharmaceutical Laboratories

**Ernakulam**



മാധവ **ബാലപീയൂഷം**

എല്ലാ ബാലരോഗങ്ങൾക്കും ഉത്തമ ടോണിക്ക്

മാധവ **ബാലജീവനം**

ശിശുക്കൾക്കുള്ള സുഖ വിരേചന തൈലം

**മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ്**

PHONE { 35267, 32638, 33097

ഗവേണിംഗ് ഡയറക്ടർ
പൊതുതിയിൽ നാരായണൻ വൈദ്യർ

H.O. ജയസൗധം
എറണാകുളം
കൊച്ചിൻ-18

സ്റ്റോക്കിസ്റ്റ്സ്:- മെസ്സേഴ്സ്: കിഴക്കെമുള്ളൂർ മെഡിക്കൽസ്—പെരുമാനൂർ, എസ്. കോഡർ—തോപ്പുംപടി ആൻറ് വെല്ലിംഗ്ടൺ ഐലൻറ്, വിജയാ മെഡിക്കൽ സ്റ്റോർ—പള്ളുരുത്തിനട, അസീസ്സി മെഡിക്കൽസ്, ഹലിഗാ ബ്രദേഴ്സ്—മട്ടാഞ്ചേരി—കൊച്ചിൻ

*With best compliments from:*

# ROOPAREKHA,

**QUALITY BLOCK MAKERS**

**ERNAKULAM**

Best compliments from:

**SAILORS**

THEVARA JUNCTION

Best compliments from:

**Udaya Silk Palace**

Perumanoor,

Thevara

Best compliments from:

**Duro Tailors and Dry Cleaners**

Pallimukku,

**Ernakulam**

Phone: 34831

**E. G. TRADERS**

ELECTRICAL DEALERS & CONTRACTORS

Chittoor Road, Ernakulam,

COCHIN-682016


ചന്ദ്രിക
ആയുർവ്വേദിക്ക്
ടോയ്ലറ്റ്
സോപ്പ്
CHANDRIKA
AYURVEDIC
SOAP
CHANDRIKA SOAP
AYURVEDIC TOILET
ചർമ്മരോഗങ്ങളെ
മാററി ചർമ്മത്തിന്
അഴകും
ആരോഗ്യവും
പ്രദാനം ചെയ്യുന്നു.
LAL PRODUCTS
ERNAKULAM & MADURAI

PHONE: 34852

# MASE ARTS COLLEGE

T. D. ROAD, ERNAKULAM, COCHIN-11

BOYS AND GIRLS ADMITTED TO I PRE-DEGREE
(COMMERCE GROUP) AND I B. COM.

An ideal institution with eminent teachers and excellent results.
Free Spoken English classes for the students of MASE.

Director: Prof. A. P. MATTHAI

*VANITHA JEWELLERY*

(NEAR SEALORD)
BROADWAY, ERNAKULAM
COCHIN-11

Phone: 33666


OLIMPIC COLLAR
MARKETED BY
Pottas
MUVATTUPUZHA.
Thaja

Turn your attention to them
For whom there is only one dimension
- DARKNESS

LIVE AFTER YOUR DEATH!

***DONATE YOUR EYES***

LIGHT UP A LIFE



BAIJU CHACKO

SPACE DONATED BY



BINDU CHACKO

Kolara Villa, Koonamthai, Cochin-24

Best Compliments

From

PYARY PRODUCTS COCHIN 682317

Manufacturers of PYARY AYURVEDIC SOAP

# YUVABHARATH COLLEGE

RAVIPURAM ROAD. COCHIN-16

PHONE: 32896

## Offers the following Courses of the Kerala University:

| | | |
|---|---|---|
| PRE-DEGREE | Gr. III | Economics, Elements of Political Science & Commerce |
| | Gr. IV | Commerce, Commercial Correspondence & Commercial Geography and Book-Keeping & Accountancy |
| B. A. DEGREE | (1) | Economics (Main) |
| | (2) | Sociology (Main) |
| B. Com. DEGREE | | Cost Accounting (Elective) |
| M. A. DEGREE | (1) | English |
| | (2) | Economics |
| | (3) | Sociology (Science graduates also eligible) |
| M Com. DEGREE | | |

## Hostel Facilities for Boys & Girls

Prospectus and Application Form can be had from the College office on payment of Rs. 2/- (Rs. 2 50 if required by post)

PRINCIPAL

# HOUSE FOR THE HOUSELESS

We have now Housing Schemes for different Income groups–for the Economically Weaker Section, the Low–Income group, the Middle Income group and the Higher Income group.

House Plot for the Higher Income group and House with Plot for the other Income group.

Our Housing Scheme for the Economically Weaker Section is Tailored to meet the Housing Needs of those whose monthly Income falls below Rs. 350/– on Nominal Initial payment and subsequent easy Monthly Instalment over a period of Twenty years a modest House with Plot at Rs. 8,000/–

## OUR HELPING HAND TO THE WEAKER SECTIONS

**Greater Cochin Development Authority,**

**COCHIN–20**




SYED AGENCIES
*Broadway Lane Ernakulam*
COCHIN - 682011

For TEXTILES

JOS BROTHERS

ERNAKULAM

For EVERYTHING IN TEXTILES

VISIT !

CYRILS

SAREE CENTER
CUTPIECE CENTER
WEDDING SAREE CENTER
TAILORING CENTER